# മണ്ണിൽ
# ഉണ്

# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to·

Editor
THE BIBLE TEACHER
C–22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

**Editors**

P. K. VARGHESE — J. C. CHOATE

***

Published by church of christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 4 — November 1990 — No. 8




പ്രവർത്തിക്കുന്ന പലതും
മതത്തിന്റെ പേരിൽ മനുഷ്യർ ഇന്നു
അവിവേകത്തിന്റേയോ അജ്ഞതയുടേയോ ഫലങ്ങളായിട്ടാണ് കാണ
പ്പെടുന്നതു. അതു സ്വവർഗ്ഗത്തെ അകററി നിർത്തുവാൻ പ്രേരിപ്പിക്കു
ന്നതാണോ? ദൈവത്തിന്റെ പേരിൽ, ദൈവീക കാര്യങ്ങളുടെപേരിൽ എ
ന്തെല്ലാം വിക്രിയകളാണ് പല സ്ഥലത്തും നടന്നുകൊണ്ടിരിക്കുന്ന
തു. ദൈവത്തെ ഏതെങ്കിലും ഒരു പ്രത്യേക സ്ഥാനത്തു പ്രതിഷ്ഠി
ക്കുവാൻ ശ്രമിക്കുന്ന ആളുകൾ യഥാർത്ഥത്തിൽ അവരുടെ അറിവി
ല്ലായ്മയെ മനസ്സിലാക്കുന്നില്ല. മനുഷ്യന്റെ ചൊല്പടിക്കു നി
ല്ക്കുന്നവനാണോ ദൈവം? ഒരിക്കലുമല്ല. ക്ഷേത്രവും പള്ളിയും എ
ത്രതന്നെ ഉണ്ടായാലും, അതെവിടെയെല്ലാമായാലും അതിലൊന്നി
ലും ദൈവം ഒതുങ്ങിനില്ക്കുകയില്ല. എന്റേയും നിങ്ങളുടേയും
ഹൃദയങ്ങളിലാണ് ദൈവം വസിക്കുവാൻ ആഗ്രഹിക്കുന്നത്. പിന്നെ
എന്തിനാണ്, ദൈവത്തേയും ദൈവീക കാര്യങ്ങളേയും രാഷ്ട്രീയ
വൽക്കരിക്കുന്നത്? ധർമ്മം അഥവാ നീതിയാണ് മതമെങ്കിൽ അനീതി
പ്രവർത്തിച്ചിട്ട് അതു മതപരമാണെന്നു പറയുന്നത് എത്ര വിരോധാ
ഭാസമാണ്? ഏതു ജാതിയിൽ പെട്ടവരായാലും എല്ലാവരും ദൈവത്തി
ന്റെ മക്കളാണ് എന്ന് കവികൾ വർണ്ണിച്ചിട്ടുണ്ട്. അതു വാസ്തവ
വുമാണ്. ആ ഒരു സത്യം മനസിലാക്കി, സ്നേഹത്തിൽ, സാഹോദ
ര്യ പ്രീതിയിൽ, മററുള്ളവർ നമ്മേക്കാൾ ശ്രേഷ്ഠർ എന്നു എണ്ണുവാൻ
നമുക്കു കഴിയണം. അക്രമമോ സംഘർഷമോ, രക്തച്ചൊരിച്ചിലോ
നടത്തി സമൂഹത്തെ പിടിച്ചു നിർത്താമെന്നു വിചാരിക്കുന്നതു തിക
ച്ചും ഹീനമായ പ്രവണതയാണ്. ദൈവം അതുവെറുക്കുകയുംചെയ്യും.

പി. കെ. വർഗീസ്

# ദൈവത്തിൻെറ വചനം വിശ്വസിക്കൽ

### J. C. ചോട്ട്

ഇന്നു നാം അഭിമുഖീകരിക്കുന്ന ഏററവും വലിയ പ്രശ്നം യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരിൽ, മതപരമായ കാര്യങ്ങളിൽ ദൈവത്തിൻെറ വചനമാണ് അന്തിമാധികാരം എന്നു സ്വീകരിക്കുന്നവരെ കണ്ടെത്തുക എന്നതാണ്. ഇന്നും ദൈവം പലവിധത്തിൽ, അതായതു നേരിട്ടും അത്ഭുതകരമായിട്ടും സംസാരിക്കുന്നുണ്ടെന്നു വിശ്വസിക്കുന്ന ആളുകൾ ഉണ്ട്. കൂട്ടിച്ചേർക്കപ്പെട്ട വെളിപ്പാടിൽ വിശ്വസിക്കുന്നവരാണ് കത്തോലിക്കർ. സിംഹാസനാരൂഢനായ പോപ്പിനുമാത്രമേ ദൈവവചനം വെളിപ്പെടുത്തുവാനുള്ള അധികാരമുള്ളു എന്നുപോലും അവർ വാദിക്കുന്നു. ഭൂരിഭാഗം പ്രൊട്ടസ്ററൻഡ് വിഭാഗങ്ങൾക്കും അവരുടേതായ പ്രമാണങ്ങൾ ഉണ്ട്. ബൈബിളിനോടു യോജിപ്പിച്ച് കൊണ്ടുപോകുന്ന മററു അച്ചടക്കരീതികൾ, 'വിശ്വാസത്തിൻെറ ഏററുപറച്ചിലുകൾ' എന്നിവ നമുക്കു അവരിൽ കണ്ടെത്താവുന്നതാണ്. വേദപുസ്തകത്തിൽ പ്രാമാണ്യമർഹിക്കുന്ന വിഷയങ്ങളെ നാം അതിൽനിന്നും എടുത്തു കാണിക്കുമ്പോൾ അതിനെ പ്രതിരോധിക്കുകയും അവരുടെ പ്രമാണ പുസ്തകങ്ങളിൽ പറഞ്ഞിട്ടുള്ളതു നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യും. ചിലപ്പോൾ ബൈബിളിനു പകരമായോ അല്ലെങ്കിൽ അതിനേക്കാൾ സ്ഥാനം അവരുടെ പ്രമാണപുസ്തകങ്ങൾക്കു നൽകുകയോ ചെയ്യുന്നു. ബൈബിൾ സാധാരണ ഒരു പുസ്തകമായി കണക്കാക്കുന്നവരോട് സത്യം പറഞ്ഞു ധരിപ്പിക്കുവാൻ വളരെ പ്രയാസമാണ്.

മനുഷ്യരാൽ എഴുതപ്പെട്ട മററു പുസ്തകങ്ങളേക്കാൾ ശ്രേഷ്ഠമല്ലാത്ത ഒരു മതഗ്രന്ഥമാണ് വേദപുസ്തകമെങ്കിൽ അതു ദൈവം നൽകിയതു എന്തിന്? മററുള്ള പുസ്തകങ്ങളേക്കാൾ മേന്മ ബൈബിളിനു ഇല്ലെങ്കിൽ പിന്നെ നാം എന്തിന് അതു അംഗീകരിക്കണം? മനുഷ്യൻെറ വചനം ദൈവത്തിൻെറ വചനത്തോടു തുല്യമെങ്കിൽ മതപരമായി ഭക്തി കാണിക്കേണ്ട കാര്യവും ഉദിക്കുന്നില്ലല്ലോ. ഇതെല്ലാം മ

നുഷ്യരുടെ സങ്കല്പങ്ങളും തോന്നലുകളും മാത്രമാണ് എന്നു തുറന്നു പറയാതെവയ്യ. ഇവ തമ്മിൽ തിരിച്ചറിയുവാൻ ഓരോരുത്തരുടെയും ബുദ്ധി ഉപയോഗിക്കുകയാണ് വേണ്ടത്.

ദൈവത്തിൽ നിന്നും കിട്ടിയ ഒരേ ഒരു പുസ്തകമായി നാം ബൈബിളിനെ നിലനിർത്തിയിരിക്കുന്നു. മതപരമായ കാര്യങ്ങൾ വരുമ്പോൾ നമ്മുടെ പരിഗണനക്കു വിധേയമാക്കാൻ യോഗ്യമായ ഒന്നുമാത്രമേ നാം കാണുന്നുള്ളു. അതു സത്യവേദപുസ്തകം മാത്രമാണ്. അതിനോടു അടുത്തുവരാവുന്ന പുസ്തകങ്ങൾ പോലും ഇല്ല എന്നു തീർത്തു പറയാം. ദൈവം സംസാരിക്കുന്നതെല്ലാം പ്രാധാന്യമർഹിക്കുന്ന ഒന്നായി ഇന്നും നിലകൊള്ളുന്നു. ദൈവത്തിന്റെ ഇഷ്ടം ഏതെന്നു മനുഷ്യരായ നാം മനസിലാക്കേണ്ടതിന് എഴുതപ്പെട്ട രൂപത്തിൽ തന്നിരിക്കുകയാണ്. അതു സ്ഥിരമായ ഒരു വെളിപ്പാടായി കണക്കാക്കുവാൻ കാരണമതാണ്. ജീവിക്കുന്നതും ചൈതന്യമുള്ളതും അന്തിമവുമായ ഒന്നാണ് വേദപുസ്തകം. മനുഷ്യരുടെ മററു പുസ്തകങ്ങൾ ഒന്നും ദൈവത്തിന്റേതായി അവൻ സ്വീകരിക്കുകയോ അംഗീകരിക്കുകയോ ഇല്ല. ശക്തിയും അധികാരവും അവന്റെ വചനത്തിനാണ് ഉള്ളത്. ആകയാൽ നാം അതു വായിച്ച് മനസിലാക്കി വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യണം. ഇന്ന് അത് നമ്മുടെ സഹായിയാണ്; ഒരിക്കൽ അതു നമ്മെ ന്യായമായി വിധിക്കും.

എന്തുകൊണ്ട് ബൈബിൾ നമ്മുടെ ആത്മീയ ജീവിതത്തിന് അനിവാര്യമാണ് എന്നതിന് അനേക കാരണങ്ങൾ ഉണ്ട്. അതിൽ ചിലതു നമുക്കു പരിശോധിക്കാം.

ആദ്യമായി, ഇപ്പോൾ ദൈവം തന്റെ പുത്രൻ മുഖാന്തരം സംസാരിക്കുന്നു. എന്ന വസ്തുത പലരും അറിയുന്നില്ല. ''ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു (എബ്രായർ 1:1-2)

രണ്ടാമതായി, ദൈവവചനം എഴുതിയ വ്യക്തികൾ എല്ലാം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടതുകൊണ്ടാണ് അവർക്ക് തെററു കൂടാതെ അങ്ങനെ എഴുതുവാൻ കഴിഞ്ഞതു. 'തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നെ അറിഞ്ഞുകൊള്ളേണം' (2 പത്രൊസ് 1:21).

മൂന്നാമതായി, എല്ലാ തിരുവെഴുത്തുകളും ദൈവത്തിൽ നിന്നാണ് വന്നത്. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണ

ത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു. (2 തീമൊഥെയോസ് 3:16:17)

നാലാമതായി, ദൈവ വചനം ശക്തിയുള്ളതാണ്, 'ദൈവത്തിൻെറ വചനം ജീവനും ചൈതന്യവുമുള്ളതായി, ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ച ഏറിയതും, പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളേയും വേറുവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും, ഹൃദയത്തിലെ ചിന്തനങ്ങളേയും ഭാവങ്ങളേയും വിവേചിക്കുന്നതും ആകുന്നു. (എബ്രായർ 4:12)

അഞ്ചാമതായി, വചനത്തിൽ, തിരുവെഴുത്തിൽ; വേദ പുസ്തകത്തിൽ സത്യം മാത്രമെ അടങ്ങിയിട്ടുള്ളു. സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ, നിൻെറ വചനം സത്യമാകുന്നു. ദൈവം സത്യവാൻ സകല മനുഷ്യരും ഭോഷ്ക്കു പറയുന്നവർ (യോഹന്നാൻ 17:17, റോമർ 3:4)

ആറാമതായി, ക്രിസ്തു സത്യത്തെ പ്രതിനിധീകരിക്കുന്നു. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു, ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിൻെറ അടുക്കൽ എത്തുന്നില്ല (യോഹന്നാൻ14:6)

ഏഴാമതായി, വിശ്വാസം വരുന്നതു ദൈവത്തിൻെറ വചനം കേൾക്കുന്നതിലൂടെയാണ്. ആകയാൽ വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിൻെറ വചനത്താലും വരുന്നു (റോമർ 10:17)

എട്ടാമതായി, സത്യമാണ് മനുഷ്യരെ സ്വതന്ത്രരാക്കുന്നതു അഥവാ രക്ഷിക്കുന്നതു. സത്യം നിങ്ങൾ അറിയുകയും സത്യം നിങ്ങളേ സ്വതന്ത്രരാക്കുകയും ചെയ്യും (യോഹന്നാൻ 8:32). എന്നാൽ സത്യം അനുസരിക്കുവാൻ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദര പ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ട് ഹൃദയ പൂർവ്വം അന്യോന്യം ഉററു സ്നേഹിപ്പിൻ (1 പത്രോസ് 1:22)

ഒൻപതാമതു, നാം ഈ വചനത്തോടു കൂട്ടുവാനോ കുറക്കുവാനോ പാടില്ല എന്നതാണ്. 'ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവരോടും ഞങ്ങൾ സാക്ഷീകരിക്കുന്നതെന്തെന്നാൽ, ഇതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവനു വരുത്തും. ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽ നിന്നു ആരെങ്കിലും വല്ലതും നീക്കികളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവ വൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കികളയും. (വെളിപ്പാട് 22:18-19)

പത്താമതായി, ദൈവ വചനത്തിനു പകരം ആയി ഒരു വിധത്തി

(ശേഷം 29-ാം പേജിൽ)

# ക്രിസ്തീയ ജീവിതം

## എം. കെ. കുര്യൻ

(തുടർച്ച)

ഏററവും ഉയർന്ന ലക്ഷ്യങ്ങളാണു മനുഷ്യർക്കു ക്രിസ്തീയ ജീവിതത്തിൽകൂടി ഉള്ളത് (കൊലൊ. 3:1-4). "പരാജയമല്ല, താഴ്ന്ന ലക്ഷ്യങ്ങളാണു കുററകരം." എന്നു ഒരു മഹാൻ പറഞ്ഞത് യുക്തിക്കു നിരക്കുന്നതാണ്.

പ്രവൃത്തികളോടു കൂടിയ വിശ്വാസം, (യാക്കോ. 2:14). ആ വിശ്വാസത്തിൽ അടിയുറച്ചുള്ള പ്രത്യാശ (റോമ 8:18-25), സഹോദര സ്നേഹം. (1 യോഹ 3:13-14). (1 കൊരി. 13:13), ഇവ മൂന്നും നമ്മുടെ ഏററവും ഉയർന്ന ലക്ഷ്യമായ നിത്യ ജീവങ്കലേക്കുള്ള പാതയാണു. ഇവയിൽ വലുതോ സ്നേഹം തന്നെ. ഈ സ്നേഹം ദൈവ സ്നേഹമായതിനാൽ ക്രിസ്ത്യാനികൾക്കു അതു നല്കിയിരിക്കുന്നതും ദൈവം തന്നെയാണു (1 യോഹ 3:1-3). ഈ സ്നേഹത്താലാണ് ക്രിസ്തീയ ജീവിതത്തെ ധന്യമാക്കേണ്ടതു. എങ്കിലും പാപം അതിന്നു തടസ്സം സൃഷ്ടിച്ചുകൊണ്ടിരിക്കും. കാരണം, പാപത്തിന്റെ മാതാവു് മോഹവും, പിതാവു് പിശാചുമാണു. ഇക്കാരണത്താലാണ് 'മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു: പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു' എന്നും പഠിപ്പിക്കുന്നതു (യാക്കോ 1:15). മോഹം ഗർഭം ധരിക്കുന്നു എന്നു വെച്ചാൽ അതിന്റെയർത്ഥം പാപത്തിന്റെ പിതാവായ പിശാചു നമ്മിൽ മോഹം ജനിപ്പിക്കുന്നു എന്നാണു. ഈ മോഹങ്ങളെ നിവൃത്തിക്കുവാനായി അവയെ ഹൃദയത്തിൽ തന്നേ നാം നിക്ഷേപിക്കുന്ന അവസ്ഥയാണു പൂർണ്ണമായും മോഹം ഗർഭം ധരിച്ച അവസ്ഥ. ഈ അവസ്ഥയാണ് പാപത്തെ പ്രസവിക്കുവാൻ ഇടവരുത്തുന്നതു. അതായത് ഏതെങ്കിലും ഒരു പാപം ചെയ്തു എന്നർത്ഥം, ഇപ്രകാരം സംഭവിച്ചാൽ അതു തുടർന്നുകൊണ്ടു പോകുന്ന അവസ്ഥയാണ് പാപം മുഴുക്കുന്ന അഥവാ വർദ്ധിക്കുന്ന അവസ്ഥ. ഈ അവസ്ഥ നമ്മുടെ നിത്യനാശത്തിന് ഇടയാക്കും എന്നാണ് 'പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു' എന്നു പഠിപ്പിക്കുന്നതിൽ നിന്നും നാം മനസ്സിലാക്കേണ്ടതും.

എന്നാൽ മോഹങ്ങൾ ഉണ്ടാകാതിരിക്കുന്നതു ക്രിസ്തീയ ജീവി

തത്തിലും അസാധ്യമാണു. ആയതിനാൽ മോഹങ്ങൾ ഉണ്ടാകുമ്പോൾ തന്നേ അതിനെ അലസിപ്പിച്ചു കളയുവാൻ നാം പരിശ്രമിക്കേണ്ടതാണു. അല്ലാത്ത പക്ഷം അതു പാപത്തെ പ്രസവിക്കും (ഗലാ. 6;1-3) (1 യോഹ. 1:5-10), (1 യോഹ. 2:1-3). അങ്ങനെ സംഭവിച്ചാൽ ആ പാപം വർദ്ധിക്കുവാനുള്ള സാഹചര്യം ഒഴിവാക്കാൻ കഠിനാദ്ധ്വാനം ചെയ്യേണ്ടതാണു. അല്ലാത്ത പക്ഷം അതു നമ്മുടെ നിത്യ നാശത്തിന് കാരണമായി ഭവിക്കും. സാധാരണയായി നമ്മിലുണ്ടാകുന്ന മോഹങ്ങൾ നമ്മുടെ ക്രിസ്തീയ ജീവിതത്തെ ധന്യമാക്കുവാൻ തടസ്സമെന്നു തോന്നുമ്പോൾ അതിനെ അലസിപ്പിച്ചു കളയണമെന്നു് നാം തീരുമാനിക്കുന്നതു ദൈവസ്നേഹം നമുക്കുണ്ടു എന്നതിന്റെ തെളിവാണു (യോഹ. 14:23-24), പാപം ചെയ്താലും അതു മുഴുത്തിട്ടു നിത്യനാശത്തിന് ഇടവരുത്താതെ പാപത്തെ ആവർത്തിക്കാതിരിക്കുന്നതും അതിൽ നിന്നും വിരമിക്കുന്നതും സ്നേഹം ഉണ്ടു എന്നതിന്റെ തെളിവാണ് (1 യോഹ. 1:7-10) (റോമ 6:1-2). ഇപ്രകാരമുള്ള ഒരവസ്ഥ (പരീക്ഷ) കർത്താവായ യേശു ക്രിസ്തുവിനും ഉണ്ടായതായി നാം പഠിക്കുന്നു. 'സാത്താനേ എന്നെ വിട്ടുപോ' എന്നു പറഞ്ഞപ്പോൾ തന്നേ മോഹങ്ങൾ അതിന്റെ പിതാവായ പിശാചിനോടുകൂടി ക്രിസ്തുവിനെവിട്ടുപോയി. അവനിൽ പിശാച് ജനിപ്പിച്ച എല്ലാ മോഹങ്ങളെയും അലസിപ്പിച്ച് ഒരു പാപവും ചെയ്യാതിരിപ്പാൻ അവൻ ശക്തനായിരുന്നു (മത്താ. 4:3-11), (യാക്കോ. 1:15), (എബ്രാ. 4:15-16). (1 പത്രോ. 2:20-25)

അതുകൊണ്ടാണ് ''ക്രിസ്തു യേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ'' എന്നു പഠിപ്പിക്കുന്നതു (ഫിലി.2:1-8) ആ ഭാവം സ്നേഹം തന്നേ. ''അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തെന്നു അറിഞ്ഞിരിക്കുന്നു' ആ സ്നേഹത്താൽ നാമും നമ്മുടെ സഹോദരങ്ങളെ നേടേണ്ടതാകുന്നു. (1 യോഹ.3:16). മാത്രമല്ല 'സ്നേഹം ആചരിപ്പാൻ ഉത്സാഹിപ്പിൻ' എന്നും പഠിപ്പിക്കുന്നു (1 കൊരി.14:1). ആയതിനാൽ ക്രിസ്ത്യാനികളുടെ ഒരു മുഖ്യമായ ആചാരമായിരിക്കണം സ്നേഹം. എന്തുകൊണ്ടെന്നാൽ സ്നേഹം ആചരിക്കുമ്പോൾ ക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ക്രിസ്ത്യാനികളുടെ ഇടയിൽ പാപം വർദ്ധിച്ചു വരികയില്ലാ കുറയുകയത്രേ ചെയ്യുന്നതു. (1 പത്രോ. 4:8-9). ഇപ്രകാരം ക്രിസ്ത്യാനികളിൽ പാപം കുറഞ്ഞുവരുന്ന അവസ്ഥ ക്രിസ്തു അവരിൽ വളർച്ച പ്രാപിക്കുന്ന പ്രക്രിയയും അവർ സ്വയം താഴുന്ന അവസ്ഥയും ആയിത്തീരുന്നു (മത്താ.23:11-12). മോശെയുടെ ന്യായപ്രമാണം കൂടാതെ തന്നെ അതു മുഴുവനും അനുസരിക്കുന്നവനും ലഭിക്കുന്ന ദൈവത്താലുള്ള നീതീകരണം പുതിയ നിയമം അനുസരിക്കുന്ന ക്രിസ്ത്യാനികൾക്ക് ദാനമായി ഇപ്രകാ

രം ലഭിക്കുന്നു. എന്നാൽ മോശെയുടെ ന്യായപ്രമാണം മുഴുവനും അനുസരിച്ചു നടക്കുവാൻ ഈ ലോകത്തിൽ ഒരു മനുഷ്യനും സാധ്യമല്ല (മത്താ 22:36-40), (റോമ. 3:20-21), (റോമ.8:1-4).

'നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ' എന്നു ക്രിസ്ത്യാനികളോടു പറയുന്നു (2 കൊരി.8:8.9). 'ദൈവം സ്നേഹം ആകുന്നു' എന്നും, 'ദൈവം ആത്മാവു ആകുന്നു' എന്നും, 'ഞാനും പിതാവും ഒന്നാകുന്നു' എന്നും പുതിയനിയമം പഠിപ്പിക്കുന്നു. ഞാനും പിതാവും ഒന്നാകുന്നു എന്നു പറഞ്ഞതു യേശുക്രിസ്തു തന്നേ (1യോഹ.4:16), (യോഹ4:24) (യോഹ 10:30). 'സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു.' (1യോഹ.4:16) ഇതിൽനിന്നും ആത്മാവിന്റെ ഫലം തന്നേ സ്നേഹത്തിന്റെ ഫലമെന്നു തെളിയുന്നു. ഈ സ്നേഹമാണ് ദൈവം തന്റെ മക്കളായ ക്രിസ്ത്യാനികൾക്കു കൊടുത്തിരിക്കുന്നതു. സഹോദരങ്ങളുടെ സന്തോഷങ്ങളിൽ പങ്കുചേരുവാനും, സഹോദരങ്ങളുടെ ഇടയിൽ സമാധാനം ഉണ്ടാക്കുവാനും, സഹോദരങ്ങളുടെ കുറവുകളെ ദീർഘമായി ക്ഷമിക്കുവാനും, സഹോദരങ്ങളോടു മനസലിവു (ദയ) കാണിക്കുവാനും, പരസ്പരം സഹായിക്കുവാനും, ദൈവമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും വിശ്വസ്തരായിരിപ്പാനും, മററുള്ളവരോടു സൗമ്യതയിൽ വർത്തിക്കുവാനും പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രണാധീനമാക്കുവാനും ദൈവസ്നേഹത്തിനു കഴിയും എന്നുള്ളതിൽ തർക്കമില്ല. എല്ലാ ദുർമ്മോഹങ്ങളെയും അല്സിപ്പിച്ചു പാപം ചെയ്യാതിരിപ്പാൻ ശക്തി ലഭിക്കുന്നതു ഈ സ്നേഹത്തിൽ അന്തർലീനമായിരിക്കുന്ന ഇന്ദ്രിയ ജയത്താലാണു. ഇക്കാരണത്താലാണ് 'ഈ വകക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല' എന്നു വെളിപ്പെടുത്തിയിരിക്കുന്നതു (ഗലാ 5:22-26).

പഴയ നിയമകാലത്ത് അതിന്നധീനരായിരുന്നവരുടെ ഇടയിൽ പാപം പെരുകിക്കൊണ്ടിരുന്നു എന്നും ദൈവസ്നേഹം നിമിത്തം അവരുടെ ഇടയിൽ തന്നെ കൃപ അത്യന്തം വർദ്ധിച്ചു വന്നു എന്നും വെളിപ്പെടുത്തിയിരിക്കുന്നു (റോമ 5:20-21), ഈ കൃപെക്കു് ആധാരമായിരിക്കുന്നതും ദൈവ സ്നേഹം തന്നെയാണു എന്നു തെളിയുന്നു (എഫെ. 2:4-9). എങ്കിലും ഈ സ്നേഹത്തിന്റെ അഭാവത്താൽ ഇന്ന് ക്രിസ്ത്യാനികൾ ഭിന്നിച്ചു ചിതറിയിരിക്കുന്ന ഒരവസ്ഥയിലേക്കു എത്തിച്ചേർന്നിരിക്കുന്നു. ആയതിനാൽ ഒരു പുതിയ നിയമ ക്രിസ്ത്യാനി ആയിത്തീരേണ്ട കാലം മനുഷ്യർക്ക് അത്യാസന്നമായിരി

ക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ സ്നേഹം ദൈവമക്കൾക്കു മാത്രമേ ലഭിക്കയുള്ളൂ. അവരാണു പുതിയനിയമ ക്രിസ്ത്യാനികൾ. അവരുടെയിടയിൽ ഈ സ്നേഹം ഒരു യാഥാർത്ഥ്യമാകുമ്പോൾ അവരുടെയിടയിൽ പാപത്തിന്റെ വർദ്ധനവുണ്ടാകുന്നില്ല. കുറയുകയത്രേ ചെയ്യുന്നതു. (1 പത്രോ. 4;7.8). ഒരുവൻ യാദൃശ്ചികമായി പാപം ചെയ്തു പോയാലോ? ആ പാപം മുഴുക്കാതിരിപ്പാൻ ദൈവത്തെ സ്നേഹിക്കുന്നതിനാൽ, അതിന്നായി അവൻ കിണഞ്ഞു പരിശ്രമിക്കേണ്ടതാണു. അവൻ മാത്രമല്ല ക്രിസ്ത്യാനികൾ എല്ലാവരും ഒന്നടങ്കം അതിന്നു പരിശ്രമിക്കേണ്ടതാണു. ഈ പരിശ്രമം പരാജയപ്പെടാതിരിക്കുവാനുള്ള ഏകമാർഗ്ഗമാണ് സ്നേഹം.

എന്തുകൊണ്ടെന്നാൽ യഥാർത്ഥമായ ക്രിസ്തീയ ജീവിതം പാപത്തോടും, അതിന്റെ മാതാവായ മോഹത്തോടും പിതാവായ പിശാചിനോടും നമ്മുടെ മരണം വരെ നീണ്ടുനില്ക്കുന്ന ഒരു യുദ്ധമാണു. ഈ യുദ്ധത്തിൽ വിജയം കൈവരിക്കുവാനുള്ള ഏററവും ശക്തിയേറിയ ആയുധവും സ്നേഹം തന്നെ. അറിവു ചീർപ്പിക്കുന്നു; സ്നേഹമോ ആത്മീക വർദ്ധന വരുത്തുന്നു. 'തിരുവചനം പഠിപ്പിക്കുന്നതു ശ്രദ്ധിച്ചാലും! നിങ്ങളോ, പ്രിയമുള്ളവരേ; നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നെ ആത്മീക വർദ്ധന വരുത്തിയും, പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യ ജീവനായിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണക്കായി കാത്തിരുന്നും കൊണ്ടു 'ദൈവ സ്നേഹത്തിൽ' നിങ്ങളെത്തന്നേ സൂക്ഷിച്ചുകൊൾവിൻ എന്നു (യൂദാ. 20,21) പറയുന്നു

ക്രിസ്ത്യാനികളെന്നു് അവകാശപ്പെടുന്ന നമ്മുടെ ഇടയിൽ ഈ സ്നേഹത്താൽ ക്രിസ്തീയ ജീവിതം ധന്യമാക്കുവാൻ ദൈവം നമുക്ക് ഓരോരുത്തർക്കും കൃപ നല്കുമാറാകട്ടെ. എല്ലാവരും അതു കണ്ടിട്ടു ക്രിസ്തുവിനെ അനുകരിക്കാൻ സംഗതിവരട്ടെ എന്നു പ്രത്യാശിക്കുന്നു.

# സാത്താൻ ഒരു വെളിച്ച ദൂതനെപോലെ

റോബർട്ട് വി

മനുഷ്യരെ വീഴ്ത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സാത്താൻ ആരംഭംമുതൽ ഇന്നുവരെ പല വേഷത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടുന്നു. സാത്താന്റെ തന്ത്രങ്ങളെ നാം അറിയാതിരിക്കരുതു. അറിവില്ലായ്മയാൽ പലരും ഇന്നു പിശാചിന് അടിമകളായി കഴിയുന്നു. ഇതൊഴിവാക്കുവാൻ ദൈവവചനത്തിലുള്ള പരിജ്ഞാനം അനിവാര്യമാണ്. ആ അറിവിലേക്ക് ഈ ലേഖനം നിങ്ങളെ നയിച്ചാൽ ഞാൻ കൃതാർത്ഥനാണ്.

പുതിയ നിയമത്തിൽ, അപ്പൊസ്തലനായ പൗലോസ് പറയുന്നതു ആദ്യമായി വായിക്കാം. 'ഇങ്ങനെയുള്ളവർ കള്ളഅപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ; അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല; അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്കു ഒത്തതായിരിക്കും (2 കൊരിന്ത്യർ 11:13-14).

ബൈബിളിലെ പ്രധാനപ്പെട്ട വാക്യങ്ങളിൽ ഒന്നാണ് മുകളിൽ സൂചിപ്പിച്ചതു. അജ്ഞത കൊണ്ടോ ഉദാസീനതകൊണ്ടോ മററു വാക്യങ്ങളേക്കാൾ അധികം ഈ വാക്യത്തെ കണക്കിലെടുത്താൽ നിരവധി തെററായ മതങ്ങൾ ഉടലെടുത്തിട്ടുള്ളതായി നമുക്കു കണ്ടെത്താം. വശ്യവും മനോഹരവും ആയ സംഘടനകൾ, പ്രവർത്തനങ്ങൾ എന്നിവ നോക്കിയാൽ അതിന്റെയെല്ലാം പിന്നിൽ സാത്താനാണ് ഉള്ളതെന്നു തെളിയുന്നു. മതപരമായി മഹത്തായ കാര്യങ്ങൾ സംഭവിക്കുമ്പോഴും പ്രത്യക്ഷപ്പെടുമ്പോഴും വെളിച്ചത്തിന്റെ പ്രചാരണം അഥവാ പ്രസാരമായി തീരുന്നു. ഇതു കാണുമ്പോൾ ദൈവാത്മാവിന്റെ പ്രവർത്തനം തന്നെയാണെന്നു അനേകരും വിധിച്ചുപോകുന്നു. ഈ പ്രകടനങ്ങളിൽ ഭൂരിഭാഗവും പിശാച്, പ്രച്ഛന്നവേഷം ധരിച്ച്

പ്രവർത്തിച്ചതാണ്. ദൈവം അവനെ നമുക്കു വെളിപ്പെടുത്തി തന്നിരിക്കെകൊണ്ട് ആർക്ക് അവനെ തിരിച്ചറിയാം? മതപരമായ ഏതൊരു പോക്കിനെയും പരിശോധിച്ച് അതിൽ സാത്താന്റെ സാന്നിദ്ധ്യം ഉണ്ടോ എന്നു നോക്കുവാൻ ഏക വഴി പുതിയ നിയമത്തിൽ ഉള്ള ഉപദേശങ്ങളുമായി താരതമ്യം ചെയ്യുക മാത്രമാണ്. അതിന് പുതിയ നിയമം അറിഞ്ഞിരിക്കണ്ടേ? വളരെ കുറച്ചുപേർക്കു മാത്രമെ ഈ അറിവുള്ളു എന്നു പറയാതിരിക്ക വയ്യ.

ഏതെങ്കിലും ഒരാൾ സുവിശേഷകനായി രംഗത്തു പ്രത്യക്ഷപ്പെടുന്നു. മതപരമായ നവീകരണവുമായിട്ടാണ് വരുന്നതു. ചിലപ്പോൾ അത്ഭുതങ്ങളുടെ പേരിൽ, അല്ലെങ്കിൽ പ്രവചനങ്ങളുടെ പേരിൽ അതുമല്ലെങ്കിൽ സാമൂഹ്യക്ഷേമത്തിന്റെ പേരിൽ എന്നുവേണ്ട വളരെ അധികം മാദ്ധ്യമങ്ങൾ ഇറങ്ങിയിട്ടുണ്ട്. ഇതെല്ലാം നവീകരണലക്ഷണമായി ആളുകൾ പരിഗണിക്കുന്നു. അവരുടെ യോഗങ്ങളിൽ പങ്കെടുക്കുന്നവർ ധാരാളമാണ്. മധുരപലഹാരങ്ങളിലേക്കു ഈച്ചകൾ ആർത്ത് അടുക്കുന്നതുപോലെയാണ്. അവിടെ പ്രസംഗിക്കപ്പെട്ടതും പ്രവർത്തിക്കപ്പെട്ടതും എന്തെന്നു സുസൂക്ഷ്മമായി ശോധന ചെയ്യാത്ത സാധാരണക്കാർ വിചാരിക്കും, ഇതു ദൈവത്തിന്റെ പ്രവർത്തി തന്നെ എന്ന്. ഇങ്ങനെ അവരും ആവേശത്തിമിർപ്പിൽ പങ്കുചേർന്ന് അവരുടെ മതത്തോടു ചേരും. ഇപ്രകാരം സംഭവങ്ങൾ നിങ്ങളുടെ സമൂഹത്തിൽ നടന്നിട്ടില്ലേ?

സുവിശേഷകൻ എല്ലാവരുടേയും പാപം നീങ്ങി പോകേണ്ടതിനു ചിലതു ചെയ്യാൻ ആവശ്യപ്പെടും. പലരും അതു ചെയ്യും. ഈ രീതിയിൽ അവർ രക്ഷിക്കപ്പെട്ടവർ എന്ന് അവകാശപ്പെടുന്നു. പുതിയ നിയമത്തിൽ എന്തു പഠിപ്പിക്കുന്നു എന്നു അറിയാതെ ഈ അബദ്ധങ്ങളെല്ലാം ദൈവത്തിന്റെ ഇഷ്ടമെന്ന് അന്ധമായി വിശ്വസിച്ച് നീങ്ങുകയാണ്. ദൈവം എന്തു പഠിപ്പിക്കുന്നു എന്നതിനെകുറിച്ചുള്ള അറിവിന്റെ കുറവുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതു. അവർ പാപികളാണ് എന്ന ബോധമുള്ളവരാകയാൽ സുവിശേഷകനായി വരുന്ന ഏതൊരു വ്യക്തിയേയും വിശ്വസിക്കുന്നു. അതു ദൈവവചനത്തിൽനിന്നും പരിശോധിക്കേണ്ടതു എങ്ങനെ എന്ന് അവർക്കു അറിഞ്ഞുകൂടാ. സുവിശേഷകന്റെ ആത്മീയ ഉണർവ്വ് നിറഞ്ഞു എന്നു തോന്നിപ്പിക്കുന്ന പ്രസംഗശേഷം രക്ഷിക്കപ്പെടുവാൻ ഇച്ഛിക്കുന്നവരും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരും ആയവർ കൈപൊക്കുക എന്ന് വിളിച്ചു പറയും. അതുകേട്ട് സാധുക്കളായ ജനങ്ങൾ കൈപൊക്കും. നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് പ്രസംഗകൻ ഘോഷിക്കുകയും ചെയ്യും. പക്ഷേ ഫലമെന്താണ്. അവരുടെ ജീവിതത്തിൽ യാതൊരു മാററവും സംഭവിച്ചതായി കാണുന്നില്ല. അവർ അതിൽ വീണുപോയി എന്നുമാത്രം.

അവരെല്ലാം പുതിയ നിയമം അറിഞ്ഞിരുന്നെങ്കിൽ, അതിൽ പ്ര

തിപാദിച്ചിരിക്കുന്ന രീതിയനുസരിച്ച് മാറ്റങ്ങൾ പ്രകടമാകേണ്ടിയിരുന്നു. പുതിയ നിയമത്തിൽ അനേക ഉപദേഷ്ടാക്കന്മാരേയും സുവിശേഷകന്മാരേയും നാം വായിക്കുന്നത് അവരാരും പാപികളായ ജനത്തോട് നിങ്ങൾ പോയി മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചാൽ മതി, ദൈവം നിങ്ങളെ രക്ഷിക്കും എന്നു പറഞ്ഞിട്ടില്ല. ദൈവശാസ്ത്രിയരായ ആരുംതന്നെ അവരുടെ പ്രസംഗം കേട്ടവർ, കൈകൾ പൊക്കിയതുകൊണ്ട് രക്ഷ കൊടുത്തതായും നാം വായിക്കുന്നില്ല. പാപികളെ ക്രിസ്തുവിങ്കലേക്കു നയിക്കുവാൻ പുതിയ നിയമത്തിൽ കാണുന്ന ഉപദേശസംഹിതകൾ ഇവയിൽ നിന്നും വ്യത്യസ്ഥമാണ്. ഇതുപോലെയുള്ള അനേകം കാര്യങ്ങൾ നമുക്കു ചുററും നടക്കുന്നു. ദൈവത്തെ പ്രതിനിധാനം ചെയ്യുന്നു എന്ന അർത്ഥത്തിൽ അല്ലെങ്കിൽ ഭാവത്തിൽ പലതും ജനങ്ങൾ കണ്ണടച്ച് വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യും. ഇതിന്റെ പിന്നിൽ വക്രബുദ്ധിയുള്ള പിശാച് ഉണ്ട് എന്നതിൽ സംശയമില്ല.

പുതിയ നിയമത്തിലെ മഹത്തായ ആജ്ഞ ആരും അറിയാതിരിക്കരുത് എന്നു ദൈവം ആഗ്രഹിക്കുന്നു. വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കും. (മർക്കൊസ് 16:16) ലോക രക്ഷിതാവായി വന്ന ദൈവപുത്രൻ പറഞ്ഞു, മാനസാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും നശിച്ചു പോകും എന്ന് (ലൂക്കൊസ് 13:3). പാപിയായ ഏതൊരു വ്യക്തിയും എഴുന്നേററു പ്രാർത്ഥിച്ചു; കർത്താവിന്റെ നാമത്തിൽ സ്നാനമേററ് പാപങ്ങളെ കഴുകികളയേണം എന്നതാണ് തിരുവെഴുത്തു പ്രഖ്യാപിച്ചിരിക്കുന്നതു (പ്രവൃത്തി 22:16). ദൈവരാജ്യത്തിന്റെ താക്കോൽ ലഭിച്ച പത്രോസ് പറഞ്ഞതും മറെറാന്നായിരുന്നില്ല. പാപികളോട് അവൻ എന്തു പറഞ്ഞു എന്നു വായിക്കാം 'നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. (പ്രവൃത്തി 2:38-39). സാർവ്വദേശീയമായ ഒരു ആജ്ഞ ക്രിസ്തു നല്കുവാൻ എന്താണ് കാരണമെന്ന് അധികം പേരും അറിയുന്നില്ല. ഭൂലോകത്തിൽ ഒക്കെയും പോയി സകല ജാതികളെയും സുവിശേഷം അറിയിച്ചും പഠിപ്പിച്ച് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും അവരെ ശിഷ്യരാക്കികൊൾവിൻ (മത്തായി 28:19-20). ഈ ഉപദേശങ്ങൾക്കു വിരുദ്ധമായി മറെറന്തു പ്രചരണങ്ങൾ നടന്നാലും കേൾവിക്കാർ അതിൽ കുടുങ്ങരുതു. അതു സാത്താന്റെ വ്യാപാരശക്തിയാണ് എന്നു തിരിച്ചറിയണം.

വചന വിരുദ്ധമായ പ്രകടനങ്ങൾ നടത്തി ആളുകളെ ആകർഷിച്ച് അതിൽ പിടിച്ച് നിർത്തുമ്പോൾ അവർ സത്യം അനുസരിക്കുക

യില്ലല്ലോ, അതാണ് പിശാച് കാണുന്ന സൂത്രം. വെളിച്ച ദൂതൻ എന്ന പോലെ അല്ലെങ്കിൽ ഒരു സുവിശേഷകൻ എന്ന രൂപത്തിൽ നിങ്ങളുടെ അടുക്കൽ അവൻ വരും. നിങ്ങളെ തെററിലേക്കു നയിക്കുവാൻ. അതുകൊണ്ട് നിങ്ങൾ ഉണർന്ന് ജാഗ്രതയോടെ ഇരിക്കണം. നമ്മെ ഇന്ന് ആത്മീയമായി നയിക്കുന്ന ഏകഘടകം പുതിയ നിയമം ഒന്നു മാത്രമാണ്. അതു നിങ്ങൾ മറക്കരുതു.

ആത്മാർത്ഥതയുള്ള എത്രയോ പേർ അവിടവിടെയായി ഇങ്ങനെയുള്ള പ്രവൃത്തികളിൽ മനം മടുത്ത് കഴിയുന്നുണ്ട്. ലോകത്തിൽ നോക്കിയാൽ ധാരാളം ഉപദേഷ്ടാക്കളുണ്ട്. അവരുടെ പ്രസംഗങ്ങളിലെല്ലാം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടെങ്കിൽ ഒരു കാര്യം വ്യക്തമാകും. അതെന്താണെന്നോ? സ്നാനത്തെ കുറിച്ച് ആധികാരികമായി അവരാരും മിണ്ടുകയില്ല. ഭയന്നിട്ടൊന്നുമല്ല, ആളുകൾക്ക് അതു രസിക്കുകയില്ല എന്നവർക്ക് അറിയാം. ചിലർ പറയും വെള്ളമല്ല, ക്രിസ്തുവാണ് നമ്മെ രക്ഷിക്കുന്നതു എന്ന്. സഭയുടെ കാര്യം വന്നാലും അതു തന്നെയാണ്. സഭ ഏതായാലെന്താ? സഭയല്ലല്ലൊ നിങ്ങളെ രക്ഷിക്കുന്നതു എന്നു തുടങ്ങിയ ന്യായ വാദങ്ങൾ നിങ്ങൾ കേട്ടിരിക്കുമോ എന്തോ? ഇതുപോലെയുള്ള ഏതൊരു വിഷയത്തെ സംബന്ധിച്ചും ദൈവവചനത്തെ മറിച്ചു കളയുകയാണ് അവരെല്ലാം ചെയ്യുന്നതു. സാത്താൻ വെളിച്ച ദൂതന്റെ വേഷത്തിൽ പ്രസ്താവിക്കുന്നതാണ് അവയെല്ലാം. യേശുക്രിസ്തുവിനും അവന്റെ വചനത്തിനും മാന്യത കല്പിക്കാത്ത ഇത്തരം ഒഴിവുകഴിവുകൾ മനുഷ്യരിൽ ഉരുഞ്ഞിരിയുന്നതിന് ഉത്തരവാദി മററാരുമല്ല. ഈ ഉപദേഷ്ടാക്കന്മാരിൽ പിശാച് കടന്ന് കൂടി സംസാരിക്കുകയാണ്: ഈ തെററുകൾ കേട്ട് ജനങ്ങൾ വിശ്വസിക്കുന്നു. ഫലമോ നാശം തന്നെ. പിശാചിന്റെ സ്വാധീന മേഖല അങ്ങനെ വളർന്നു പന്തലിച്ച് കിടക്കുകയാണ് എന്നതു ദുഃഖകരമായ ഒരു സത്യമാണ്.

അപ്പൊസ്തലന്മാരെ എല്ലാവരേയും ഉൾപ്പെടുത്തി അവരിൽ ഒരാൾ സംസാരിച്ചിരിക്കുന്നതു, ഞങ്ങൾ ദൈവത്തിൽ നിന്നുള്ളവരാണ് എന്നത്രെ. ദൈവത്തെ അറിയുന്നവർ ഞങ്ങളെ കേൾക്കുന്നു; ദൈവത്തിൽ നിന്നല്ലാത്തവർ ഞങ്ങളെ കേൾക്കുന്നില്ല. ഇതിനാൽ നമുക്കു ദൈവത്തിന്റെ ആത്മാവിനേയും തെററായ ആത്മാവിനേയും വേർതിരിച്ചറിയാം. (1 യോഹന്നാൻ 4:6). ഏതൊരു സുവിശേഷകനേയും ഈ വിധത്തിൽ നാം പരിശോധിക്കേണ്ടതു ആവശ്യമാണ്. ദൈവവചനത്തെ അങ്ങനെ തന്നെ സംസാരിക്കാതെ അതിനെ കോട്ടി മറിച്ചു സംസാരിക്കുന്നവരേയും നാം സൂക്ഷിച്ചുകൊള്ളേണം. താഴ്മയോടെയായിരിക്കും ചിലർ ബൈബിൾ പഠിപ്പിക്കാമെന്നു പറഞ്ഞു നിങ്ങളുടെ വീട്ടിലേക്കു നുഴഞ്ഞു കയറിവരുന്നതു. അവർ ഇല്ലാത്തതിനെ ഉണ്ടെന്നും ഉള്ളതിനെ ഇല്ലെന്നും സ്ഥാപിക്കുവാൻ നോക്കും. അപ്പൊ

(ശേഷം 23-ാം പേജിൽ)

# സ്നേഹം ഏതുവിധത്തിൽ?

സ്നേഹം എന്തെന്ന് അറിയാതെ, അതു ലഭിക്കാതെ അതിനായി ദാഹിക്കുന്നവർ ധാരാളമുണ്ട്. സ്നേഹം എന്നു കേൾക്കുമ്പോൾ അതിന്റെ ശരിയായ അർത്ഥം അറിഞ്ഞുകൊള്ളണമെന്നില്ല. പല വിധത്തിലും രൂപത്തിലും ഉള്ള സ്നേഹം ലോകത്തു കാണാൻ കഴിയും. സ്നേഹമെന്നു പറയുമ്പോൾ അതു തെറ്റിദ്ധരിക്കപ്പെടുവാൻ ഇടയാകരുതു. എന്തിനെയെങ്കിലും അല്ലെങ്കിൽ ആരെങ്കിലും പ്രത്യേക മമത കാണിക്കുന്നതിനെ സ്നേഹമെന്നു പറയാം. ഇഷ്ടപ്പെടുക എന്നു പറയുന്നതു സ്നേഹമായി കണക്കാക്കാൻ പറ്റുകയില്ല. ഞാൻ ഇഷ്ടപ്പെടുന്ന വസ്തുക്കൾ ധാരാളമുണ്ട്. പക്ഷേ എനിക്കു സ്നേഹമുള്ളവർ കുറച്ചു മാത്രമേ കാണൂ. ഭൗതികമായാലും ആത്മികമായാലും ഒരു പ്രത്യേക ബന്ധമാണ് സ്നേഹത്തിലൂടെ നാം പ്രകടിപ്പിക്കുന്നതു. അതു കുട്ടികളോടായാലും പ്രായമുള്ളവരോടായാലും ശരിയാണ്. സ്നേഹമെന്ന വിഷയം വളരെ വിപുലവും വിശാലവുമായ ഒന്നാണ്. ദൈവം സ്നേഹമാകുന്നു. ദൈവിക സ്നേഹത്തിനു ഗ്രീക്ക് ഭാഷയിൽ അഗാപ്പെ എന്നാണ് പറഞ്ഞിരിക്കുന്നതു. നിസ്വാർത്ഥമായ ഒരു ഉപകാരമാണ് അതുകൊണ്ട് അർത്ഥമാക്കുന്നത്. പ്രത്യുപകാരം പ്രതീക്ഷിക്കാതെ മറ്റൊരാൾക്കു ചെയ്യുന്ന സഹായത്തെ സ്നേഹം കൊണ്ടുള്ള പ്രവൃത്തിയായി കണക്കിടാം.

സ്നേഹമെന്ന സ്വഭാവ വിശേഷത നമുക്കു ദൈവത്തിൽ നിന്നാണ് കിട്ടിയതു. ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരായ നമ്മിൽ അതേ സ്വഭാവം കണ്ടെത്തുവാൻ ദൈവം ആഗ്രഹിക്കുന്നുണ്ട്. അങ്ങനെയുള്ള നാം ചിലപ്പോൾ ദൈവത്തെ സ്നേഹിക്കുന്നതിനു പകരം അവനെ ദ്വേഷിക്കുകയല്ലേ ചെയ്യുന്നത്? ദൈവം നമ്മെ അവന്റെ മക്കളായി നിലനിർത്തുവാൻ ശ്രമിക്കുന്തോറും നാം അവനിൽ നിന്നും അകലുകയാണോ? അനേകം പേരുടെ ജീവിതം കണ്ടാൽ അതല്ലേ വാസ്തവം? സ്നേഹത്തിനു നല്കേണ്ട പ്രതികരണം സ്നേഹം തന്നെയാണ്. വൈകാരിക മനോഭാവത്തിൽ നില്ക്കുന്ന ഒരു പ്രവണതയല്ല മറിച്ച് സ്നേഹം പ്രായോഗികമാക്കിതീർക്കുന്ന ഒരു സഹായമായിത്തീരണം. ദൈവസ്വഭാവം അവന്റെ സ്നേഹത്തിൽ ദൃശ്യമാണ്. അതായതു പാപത്തിൽ ജീവിക്കുന്നമനുഷ്യരോട്, മത്സരിക്കയും ഹൃദയകാഠിന്യം ഉള്ളവരുമായ ആളുകളോട് ദൈവംതന്റെ സഹായഹസ്തം നീട്ടുകയാണ് ചെയ്തത്. തന്റെ ഏകജാതനായ പുത്രനെ ലോകത്തിനുവേണ്ടി നല്കുവാൻ തയ്യാറായ ദൈവം നോക്കു; അവൻ എന്തിനുവേണ്ടി അതു ചെയ്തു? ശരിയായ സ്നേഹം എന്തെന്നു അറിയാത്ത എന്നേയും നിങ്ങളേയും പഠിപ്പിക്കുവാൻ. ഞാൻ എന്റെ മകനെ നി

ങ്ങൾക്കു വേണ്ടി സമർപ്പിക്കാമെന്നു പറയാൻ വളരെ എളുപ്പം. പക്ഷേ പ്രവർത്തിക്കാനോ എത്ര പ്രയാസം? എന്നാൽ ദൈവത്തിനു യാതൊരു പ്രയാസവും അനുഭവപ്പെട്ടില്ല. അതാണ് ദൈവിക സ്നേഹം (യോഹന്നാൻ 3;16; റോമർ 5;8)

ദൈവം നമ്മെ സ്നേഹിച്ചതിനു പ്രതികരണമായിട്ടാണ് നാം ദൈവത്തേയും മററു മനുഷ്യരേയും സ്നേഹിക്കുന്നതെങ്കിൽ നാം ദൈവത്തെ പ്രസാദിപ്പിക്കുന്നവരായിരിക്കും. അല്ലാതെ നാം സ്വന്ത തോന്നലുകളനുസരിച്ചുള്ള സ്നേഹ പ്രകടനമാണു നടത്തുന്നതെങ്കിൽ അതിൽ ദൈവം പ്രസാദിക്കയുമില്ല. ദൈവത്തിന്റെ സ്നേഹം ആവശ്യമില്ലാത്തവർ ഈ ലോകത്ത് ആരുമില്ല; കാരണം എല്ലാവരും നിസ്സഹായരാണ്. സ്വന്തം കഴിവുകൊണ്ട് നിലനില്ക്കാൻ ആർക്കും സാധ്യമല്ല എന്നർത്ഥം. പ്രതിസന്ധികളും പ്രയാസങ്ങളും നേരിടുമ്പോൾ ദൈവമേ എന്നെ ഇതിൽ നിന്നും വിടുവിക്കേണമേ എന്ന് അപേക്ഷിക്കാറില്ലേ? ഉണ്ട്. ചില കള്ളന്മാർ മോഷ്ടിക്കുവാൻ പോകുന്നതിനുമുൻപ് അവർ പിടിക്കപ്പെടാതിരിക്കാൻ ദൈവത്തോട് അപേക്ഷിച്ചിട്ടുപോകുന്നവരുമുണ്ട്. ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ എല്ലാവർക്കും ദൈവത്തിന്റെ സ്നേഹം ആവശ്യമാണ്. സ്നേഹമുള്ളവരെ യാണല്ലോ നാം ശാസിക്കുന്നത്. ദൈവം തന്റെ മക്കളെ സ്നേഹിക്കുന്നതുകൊണ്ടാണ് ശാസിക്കുന്നതു അതു തന്റെ വചനത്തിലൂടെ നല്കിയിരിക്കുന്നു. അവന്റെ ഇഷ്ടം ഏതെന്നു തിരിച്ചറിഞ്ഞു പ്രവർത്തിച്ചാൽ ദൈവത്തിന്റെ അളവുകൂടാത്ത സ്നേഹം അനുഭവിക്കാം. ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നതായ പ്രതികരണം നമുക്കു ദൈവത്തിനു നല്കുവാൻ കഴിയുന്നുവോ? ഉണ്ടെങ്കിൽ വളരെ നല്ലതു ഇല്ലെങ്കിൽ സ്നേഹം നല്കുവാൻ ഒരുങ്ങുക.

ഞാൻ മനുഷ്യരുടേയും ദൂതന്മാരുടേയും ഭാഷയിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലാ എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. അതുകൊണ്ട് മററുള്ളവരുടെ ജീവിതത്തെ മാററുവാൻ കഴിയുകയില്ല എന്നതാണ് കാരണം. എനിക്കു സ്നേഹത്തെക്കുറിച്ച് വേണമെങ്കിൽ അഞ്ചോ ആറോ ഭാഷകളിൽ സംസാരിക്കാം. പക്ഷേ എന്നിൽ സ്നേഹമില്ലെങ്കിലോ ഞാൻ പ്രസംഗിക്കുന്നതു വെറുതെ അല്ലേ? അതാണിവിടെ സൂചിപ്പിക്കുന്നതു. ആത്മീയ വരങ്ങളാൽ നിറയപ്പെട്ടവരാണെന്ന് അഭിമാനിച്ചു നടക്കുന്ന പലരുണ്ട്. പക്ഷേ അവരുടെ ജീവിതത്തിൽ സ്നേഹം കാണുന്നില്ല. പകരം കൈയ്പും ഈർഷ്യയുമാണ്. വലിയ വിശ്വാസവീരന്മാരെന്നു കരുതുന്നവരുണ്ട്. അവരിലും ഈ സ്നേഹമില്ലെങ്കിൽ അവരുടെ വിശ്വാസം ചേമ്പിലയിൽ ഒഴിച്ച വെള്ളം പോലെയാകും. എനിക്കുള്ളതെല്ലാം ഞാൻ ദരിദ്രർക്കു കൊടുക്കുന്നുവെന്നിരിക്കട്ടെ; എന്റെ ശരീരത്തെ ഞാൻ എത്രദണ്ഡിപ്പിച്ചെന്നിരിക്കട്ടെ. സ്നേഹമില്ലാതെ

യാണ് ഇതെല്ലാം ചെയ്യുന്നതെങ്കിൽ അതു നിഷ്പ്രയോജനമാണ്. സ്നേഹമുള്ളേടത്തു ക്ഷമയുണ്ടാകും. പലപ്പോഴും പലർക്കും ക്ഷമിക്കാൻ കഴിയാത്തതു സ്നേഹമില്ലാഞ്ഞിട്ടാണ്. ഓ ഞാൻ ക്ഷമിക്കാവുന്നതിന്റെ പരമാവധി ക്ഷമിച്ചു ഇനി എനിക്കു ക്ഷമിക്കാൻ വയ്യ. എന്നൊക്കെ പറയുന്നതു കേട്ടിട്ടില്ലേ? സ്നേഹം ഉണ്ടെങ്കിൽ അവർ അതു പറയുകയില്ല.

നമ്മുടെ ദൈനന്ദിന ജീവിതത്തിൽ കഷ്ടതയും ദുരിതവും അനുഭവിക്കുന്ന ജനങ്ങളോടു നാം എങ്ങനെ പ്രതികരിക്കുന്നു. അവരോടു ദയവു കാണിക്കാറുണ്ടോ? മനസലിവു കാണിക്കാറുണ്ടോ? ഉണ്ടെങ്കിൽ അതെന്തിനുവേണ്ടി? നമ്മിൽ ദൈവം കാണിച്ചതായ ദയവിന്റെ ഒരു ചെറിയ അംശം പോലും നാം മററുള്ളവരോടു കാണിക്കുന്നുണ്ടോ? നമ്മെ നിന്ദിച്ചവരോടും ഉപദ്രവിച്ചവരോടും വിദ്വേഷം വെച്ചു പുലർത്തുന്ന സ്വഭാവം ഉണ്ടെങ്കിൽ നമ്മിൽ സ്നേഹമില്ല എന്നു പറയാം. സ്നേഹം ഒരിക്കലും സ്പർദ്ധിക്കുന്നില്ലല്ലോ. ശരിയായ സ്നേഹമുള്ള ഒരു വ്യക്തി നിഗളിക്കുകയില്ല, അഹംഭാവം സ്നേഹശൂന്യമായ സ്വഭാവത്തിന്റെ അനന്തര ഫലമാണ്. അയോഗ്യമായ ജീവിതം നയിക്കുന്ന എത്രയോ യുവതീയുവാക്കന്മാരെ നാം കാണുന്നുണ്ട്. അവരിൽ സ്നേഹമില്ലാത്തതുകൊണ്ടാണ് അവർ ദുർന്നടപ്പിലേക്കു തിരിയുന്നതു. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും അവസരം കിട്ടുകയോ അറികയോ ചെയ്താൽ അവർ തങ്ങളുടെ ദുഷ്പ്രവർത്തികളെ വിട്ടുകളയും. ദൈവിക സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു. സ്നേഹമുള്ളേടത്തു തെററുകൾ ക്ഷമിക്കപ്പെടുന്നു. എന്റെ കൈവശമുള്ളവ എന്റേതുമാത്രം അതു മററാർക്കും ഉള്ളതല്ല, ഞാൻ ആർക്കും അതു വിട്ടുകൊടുക്കുകയില്ല എന്ന മനോഭാവം സ്വാർത്ഥതയാണ്. സ്നേഹമുള്ളവർക്കു അങ്ങനെ പറയാൻ ഒരിക്കലും കഴിയുകയില്ല.

മററുള്ളവർ നമ്മെ ദുഷിച്ചാലും പഴിച്ചാലും അതു നാം മനസിൽ വെച്ചു കൊണ്ടിരിക്കയാണല്ലോ പതിവ്. അതു സ്നേഹമില്ലാത്തതിന്റെ മറെറാരു തെളിവാണ്. ചില പിടിവാശിക്കാരുണ്ട്; തങ്ങളുടെ ആശയഗതിയിൽ തന്നെ ഉറച്ചുനില്ക്കുന്നവർ. അവർ മററുള്ളവരുടെ വേദനയോ യാതനയോ കണ്ട് അനുകമ്പ പ്രദർശിപ്പിക്കുകയില്ല. വിട്ടുവീഴ്ചാ മനോഭാവം എന്നൊക്കെ നാം പറഞ്ഞുകേൾക്കാറുള്ള ആ മനോഭാവം സ്നേഹം ഉണ്ടെങ്കിലേ നടക്കൂ. അനീതിയിൽ സന്തോഷിക്കുന്നവരും സത്യത്തെ വെറുക്കുന്നവരുമായ ഒരു കൂട്ടം ഇത്തിക്കണ്ണികൾ നമ്മുടെ സമൂഹത്തിലുണ്ട്. സ്നേഹമില്ലാത്തവരാണ് അവർ. നീതിക്കുവേണ്ടി ശബ്ദമുയർത്താനും അനീതിയെ ചെറുക്കുവാനും സത്യാന്വേഷികൾക്കു മാത്രമെ കഴിയൂ. പൊറുക്കുവാനും സഹിക്കുവാനും എനിക്കും നിങ്ങൾക്കും കഴിയുന്നതു സ്നേഹമുള്ളതുകൊണ്ടാ

ണ്, ഇല്ലെങ്കിൽ പ്രകോപനമായിരിക്കും നമ്മിൽ നിന്നും ഉയരുന്നതു. നാം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ ദൈവം പറഞ്ഞിരിക്കുന്നതു എല്ലാം വിശ്വസിക്കും. വിശ്വസിക്കുക മാത്രമല്ല അതു നാം അംഗീകരിക്കും. ദൈവത്തെ നാം വാസ്തവത്തിൽ സ്നേഹിക്കുന്നുവെങ്കിൽ അവന്റെ വചനം പ്രമാണിക്കും. എന്നാൽ ഇന്നു ലോകത്തിൽ ഉള്ള ആളുകളിൽ ബഹുഭൂരിപക്ഷവും ദൈവത്തെ വാക്കുകളിലൂടെ സ്നേഹിക്കുന്നു. പക്ഷേ പ്രവർത്തികളിലൂടെ ദൈവത്തെ വേദനിപ്പിക്കുന്നു. നാം ദൈവത്തെ പ്രസാദിപ്പിക്കണമെങ്കിൽ അവന്റെ ഇഷ്ടമനുസരിച്ച് ജീവിക്കണം. അതാണ് ശരിയായ സ്നേഹം.

സൃഷ്ടികർത്താവും സർവ്വശക്തനുമായ ദൈവത്തെ നാം സ്നേഹിക്കുന്നുവെന്നു പറയേണ്ട കാര്യമില്ല, പ്രവർത്തിയിലൂടെ തെളിയിക്കുകയാണു വേണ്ടത്. യേശു ക്രിസ്തുവിന്റെ പ്രസ്താവന ശ്രദ്ധിക്കുക. 'നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും (യോഹന്നാൻ 14;15) ദൈവവചനം അനുസരിക്കുവാൻ താല്പര്യം ദൈവത്തെ സ്നേഹിക്കുന്നവർക്കേ ഉണ്ടാകൂ. ദൈവ വചനത്തെ വിമർശിക്കുന്നവർ ദൈവത്തെ സ്നേഹിക്കുന്നവരല്ല. യേശുക്രിസ്തുവിനെ ശിഷ്യന്മാർക്കു വെളിപ്പെടുത്തിക്കൊടുക്കുമെന്നു പറഞ്ഞപ്പോൾ യൂദക്കു മനസ്സിലായില്ല; ഉടനെ അവൻ അതു തെളിച്ചു പറഞ്ഞു കൊടുത്തു. ''യേശു അവനോടു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടു കൂടെ വാസം ചെയ്യും (യോഹന്നാൻ 14:23). അതായതു ദൈവത്തിന്റെ അരുളപ്പാടുകളെ ശരിയായി പിൻ പററുന്നവരോടു കൂടെ ദൈവം വസിക്കുമെന്നു സാരം. ദൈവത്തേയും സാത്താനേയും ഒരുപോലെ സ്നേഹിപ്പാൻ കഴിയുകയില്ല. ഒന്നുകിൽ ദൈവത്തെ അല്ലെങ്കിൽ സാത്താനെ. ലോകത്തിൽ ഭൂരിഭാഗവും പിശാചിനെ സ്നേഹിക്കുന്നവരാണ്. ദൈവത്തെ സ്നേഹിക്കാത്തവർക്കു പിന്നീട് ഉള്ളതു സാത്താനാണല്ലോ. അതുകൊണ്ട് അവർ അവന്റെ പിന്നാലെ പോകുന്നു.

ദൈവത്തെ വിട്ട് ലോകത്തെ സ്നേഹിക്കുന്നവരാണ് അധികവും എന്നു പറഞ്ഞാൽ ദൈവത്തെക്കാൾ ഉപരി അവർ ലോകത്തുള്ള ആളുകൾക്കും വസ്തുക്കൾക്കും പ്രാധാന്യം കൊടുക്കുന്നു എന്നതാണ്. നമുക്ക് ദൈവത്തോടാണ് പ്രത്യേക മമത ഉണ്ടാകേണ്ടതു. ദൈവം അതുല്യനാകയാൽ അവനു കൊടുക്കേണ്ട സ്ഥാനമോ സ്നേഹമോ മററാർക്കും മറെറാന്നിനും നല്കരുത്. പിതാവ് നമ്മെ സ്നേഹിക്കണമെങ്കിൽ നാം അവന്റെ സ്നേഹത്തിൽ വസിക്കണം. നിർവ്യാജമായ സ്നേഹം ദൈവത്തെ പ്രസാദിപ്പിക്കുന്നു. കാപട്യമുള്ള സ്നേഹമോ ദൈവം വെറുക്കുന്നു. കാര്യ സാദ്ധ്യത്തിനു വേണ്ടി മാത്രം ദൈവത്തെ

വിളിക്കുന്നവരുണ്ട്. അതു സിദ്ധിച്ചു കഴിഞ്ഞാൽ പിന്നെ അവർ അവനെ മറക്കുന്നു. തുടർച്ചയായി എല്ലാ വ്യക്തികളിലും സൂക്ഷിക്കേണ്ട സ്വഭാവമാണ് സ്നേഹം. അതിനു ഈ ലോകത്തുള്ള മററെന്തിനേക്കാളും വിലയുണ്ട്. നിങ്ങളൊന്നു പരീക്ഷിച്ചു നോക്കൂ. ഭൂമിയിൽ മനുഷ്യജീവിതം ഒരു പരീക്ഷണശാലയാണല്ലോ. ഇവിടെ എനിക്കും നിങ്ങൾക്കും നന്മയും തിന്മയും വേർ തിരിച്ചു മനസിലാക്കുവാൻ സാധിക്കുന്നു. സ്നേഹത്തിൻെറ വ്യാപ്തി അപാരമാണ്. അതിനെ വാക്കുകളിൽ വിവരിച്ച് ഒതുക്കുക പ്രയാസമാണ്. അനേക വ്യക്തികളിൽ, ഭവനങ്ങളിൽ സമൂഹങ്ങളിൽ, രാഷ്ട്രങ്ങളിൽ, സഭകളിൽ സ്നേഹമില്ലായ്മ കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ സങ്കീർണ്ണമായി തീർന്നുകൊണ്ടിരിക്കയാണ്. നിങ്ങളും ഞാനും യേശുക്രിസ്തു മനുഷ്യർക്കു മാതൃകയാക്കാൻ കാണിച്ചു തന്ന സ്നേഹം പ്രവൃത്തി പഥത്തിൽ കൊണ്ടുവരണം.

മനുഷ്യരിലും മനുഷ്യരുടെ ഉപദേശങ്ങളിലും ആശ്രയം വെച്ചിരിക്കുന്നവർ അതു വിട്ടുകളയണം. സമുദായങ്ങൾ കെട്ടിച്ചമച്ചിരിക്കുന്ന ദുരാചാരങ്ങൾ എന്തു തന്നെയായാലും അതു ഉപേക്ഷിക്കുക. ദൈവത്തിൻെറ ഉപദേശങ്ങൾ അടങ്ങിയ വാക്യങ്ങൾ മനസിലാക്കുക. നമ്മോടു ദൈവം കല്പിച്ചിരിക്കുന്ന പ്രമാണങ്ങൾ പഠിക്കുക. വിശ്വസിക്കുകയും മാനസാന്തരപ്പെടുകയും പാപമോചനത്തിനായി മുങ്ങൽ സ്നാനമേല്ക്കുകയും ചെയ്യുക ഇതു ഒരുപക്ഷേ നാമധേയ വിഭാഗങ്ങൾക്കെതിരാകാം. പക്ഷേ നിങ്ങൾ സ്നേഹിക്കുന്നതു വിഭാഗങ്ങളേയോ അതോ ദൈവത്തേയോ? മനുഷ്യരെ ഭയപ്പെടേണ്ട കാര്യമില്ല. അവർക്കു നിങ്ങളെ താല്ക്കാലികമായി ഉപദ്രവിക്കാം. എന്നാൽ നിങ്ങളെ നിത്യമായി ജീവനെപ്പോലും തന്നു സ്നേഹിക്കുകയും നിങ്ങൾക്കായി സകലവും നൽകുകയും ചെയ്യുന്ന രക്ഷകനെ സ്വീകരിക്കുക. സ്വന്തജീവനെപ്പോലും മനുഷ്യരുടെ രക്ഷക്കു വേണ്ടി നൽകിയ ത്യാഗമാണു സ്നേഹം. നിങ്ങളുടെ ഭൗതികമായ ജീവൻ മററനേകം പേരുടെ ആത്മീയ ജീവനുവേണ്ടി നൽകുവാൻ നിങ്ങൾക്കു കഴിയുമോ? പ്രിയ സ്നേഹിതരേ, ദൈവത്തെ സ്നേഹിക്കുന്നു എന്നു പറകയും ദൈവം പറഞ്ഞിരിക്കുന്നതു അനുസരിക്കാതിരിക്കയും ചെയ്ക എന്നതു കള്ളത്തരമാണ്. നമുക്കെല്ലാവർക്കും ദൈവത്തെ വാക്കിനാലും ക്രിയയാലും സ്നേഹിക്കാം; അവൻെറ വചനങ്ങൾ അതേ പോലെ അനുസരിക്കാം.

# ദൈവം, തന്റെ ജനത്തിന്റെ അഭയം

ജോൺ ജി. എസ്.

ജീവജന്തുക്കൾക്കും സകല മനുഷ്യർക്കും ഓരോ അഭയസ്ഥാനമുണ്ട്. സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന ഒന്നാണല്ലൊ ഇതു. ദാവീദ് തന്റെ സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു, 'ജനമേ എല്ലാകാലത്തും അവനിൽ ആശ്രയിപ്പിൻ; നിങ്ങളുടെ ഹൃദയം അവന്റെ മുൻപിൽ പകരുവിൻ; ദൈവം നമുക്കു സങ്കേതമാകുന്നു. ദൈവഭക്തിയോടെ ജീവിക്കുന്ന ഒരാൾക്ക് ദുഃഖവും ദുരിതവും നേരിടേണ്ടിവന്നേക്കാം. എല്ലാ മനുഷ്യർക്കും നേരിടുന്ന പൊതുവായ കാര്യങ്ങളിൽ ഒരു ഭാഗമാണ് ഇവനും അനുഭവിക്കേണ്ടി വരുന്നത്. മറ്റുള്ളവരേപോലെ ഭക്തനും, രോഗവും, കഷ്ടകാലവും, മരണവിയോഗദുഃഖവും അനുഭവിക്കേണ്ടിവരും. ഇയ്യോബ് പറയുന്നതു, 'സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസുള്ളവനും കഷ്ടസമ്പൂർണ്ണനും ആകുന്നു' എന്നത്രെ (ഇയ്യോബ് 14:1). അതിനു പുറമെ അവൻ വസിക്കുന്നതു ശത്രുവിന്റെ രാജ്യത്തിലാണ്. ഈ മരുഭൂയാത്രയിൽ അവൻ അപകടകരമായ കൊടുംകാററും ശീതവും കടത്തിവിടും. അപ്പോൾ ഭക്തജനതിരായി നീങ്ങുന്ന പകയുള്ള സൈന്യം ആഞ്ഞടിക്കും.' ആ സാഹചര്യത്തിൽ അവൻ അശക്തനും അയോഗ്യനും കുറവുള്ളവനും ആകും. ഏതു പ്രതിസന്ധിയിലും അവനെ തുണക്കുന്ന സ്നേഹവാനായ ദൈവം അവന്റെ സങ്കേതവും കോട്ടയുമാകുന്നു. അവനെ വലയം ചെയ്തു സൂക്ഷിക്കുവാൻ സർവ്വശക്തൻ എപ്പോഴും ഉണ്ടാകും. പക്ഷേ ആ അഭയസ്ഥാനം മറന്നുപോകരുത്.

എപ്പോഴാണ് ദൈവം തന്റെ ജനത്തിന് അഭയമായി തീരുന്നതു എന്നു ചോദിച്ചേക്കാം. പരീക്ഷണ വേളയിൽ അതിനെ അതിജീവിക്കുവാൻ നിങ്ങൾക്കു സ്വയമായി കഴിയാതെ വരുമ്പോൾ. സാത്താൻ പ്രളയമായി വരുമ്പോൾ; കോതമ്പു പാററുന്നതുപോലെ പാററുമ്പോൾ, സാത്താന്റെ കൂർത്ത മുനയുള്ള കുന്തം കൊണ്ടു നേരിടുമ്പോൾ; ഭയാനകമായ വെടിയുണ്ടകൾ പായിക്കുമ്പോൾ എല്ലാം, നാം വിശ്വസ്തരാണെങ്കിൽ ദൈവം നമ്മുടെ പക്ഷത്തുണ്ടാകും. ആപൽക്കരമായ കാലാവസ്ഥയിൽ, കടുത്ത നിരാശയിൽ, നിന്ദയിലും പരിഹാസത്തിലും, ദൈവം നമ്മുടെ പരിചയായിരിക്കും. ഭൗമികമായ നന്മകൾ നമ്മെ കൈ വിടുമ്പോൾ, നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്കു പ്രസക്തി

യില്ലാതെ വരുമ്പോൾ, എല്ലാം നമുക്കു പ്രതികൂലമാണെന്നു തോന്നുമ്പോൾ; സഹായിക്കുവാൻ ആരും ഇല്ലെന്നുള്ള തോന്നൽ വരുമ്പോൾ നമ്മെ സഹായിക്കുവാൻ, നമുക്കനുകൂലമായി നില്ക്കുവാൻ മനസലിവുള്ള ദൈവമുണ്ട്. യാക്കോബിനേയും ഇയ്യോബിനേയും ദാവീദിനേയും മററനേകായിരങ്ങളേയും സഹായിച്ച ദൈവം ഇന്നും ജീവിക്കുന്നവനായിട്ടുണ്ട്. പട്ടിണിയാൽ ഞെരുങ്ങുന്നവർ ധാരാളമുണ്ട്. പാർപ്പിടമില്ലാതെ വലയുന്നവരുണ്ട്. ദൈവവചന പ്രകാരം ജീവിക്കുന്നവർക്ക് ദൈവം ഇതെല്ലാം തക്കസമയത്തുതന്നെ എത്തിച്ചുകൊടുക്കും. ഇസ്രായേൽ ജനത്തെ അത്ഭുതകരമായി മന്നായും ജലവും നല്കി പോഷിപ്പിച്ചതു ദൈവമായിരുന്നുവല്ലോ. ഏലിയാവിനു അപ്പവും ഇറച്ചിയും വനത്തിൽ എത്തിച്ചുകൊടുത്തതു ദൈവമായിന്നു എന്നു ഓർമ്മയില്ലേ? അതേ ദൈവത്തിൽ വിശ്വസിക്കുന്ന നമുക്കും അവൻ നല്കും എന്നതിൽ സംശയമേ വേണ്ട.

ഉപദ്രവവും പീഡനവും ജീവിതത്തിൽ നേരിടുമ്പോൾ കർത്താവ് നമ്മുടെ അഭയസ്ഥാനമാണ്. അവന്റെ കര വലയത്തിൽ അവൻ നമ്മെ കാത്തുപരിപാലിക്കും. പെട്ടെന്ന് ഒരു രോഗം വന്നു എന്നുവിചാരിക്കുക. ആരോഗ്യം രോഗത്തിനുവഴിമാറി കൊടുക്കുന്നു; ശക്തി ബലഹീനതക്കു വഴിമാറി കൊടുക്കുന്നു; സുഖം വേദനക്കു വഴി മാറി കൊടുക്കുന്നു. സന്തോഷത്തിനും ഉല്ലാസത്തിനും പകരം സന്താപവും വിഷമവും അനുഭവപ്പെടുന്നു. ക്ഷീണിതമായ ദിനങ്ങൾ ഏറി വരുമ്പോൾ ഹൃദയവും ജഢവും മനസ്സും പരാജയപ്പെടുന്നു. ഇതുപോലെയുള്ള സന്ദർഭങ്ങൾ നേരിടുമ്പോൾ ദൈവത്തിന്റെ കരത്താലല്ലാതെ നിങ്ങൾക്ക് അതിൽ നിന്നു മോചനം കിട്ടുകയില്ല. അവന്റെ സാമീപ്യത്താലല്ലാതെ നിങ്ങൾക്കു സന്തോഷം കിട്ടുകയില്ല. അവന്റെ ശുശ്രൂഷകളേല്ക്കാതെ നിങ്ങൾക്കു സൗഖ്യം ലഭിക്കുകയില്ല. അവന്റെ സ്നേഹലാളനകളാൽ നിങ്ങൾക്കു ആശ്വാസം ലഭിക്കും. ദൈവത്തിന്റെ കരസ്പർശത്താൽ രോഗം നിന്നുപോകും. ആരോഗ്യം പുനഃസ്ഥാപിച്ചു തരും. അവൻ തീർച്ചയായും രോഗികൾക്ക് അഭയം തന്നെ. മരണശയ്യയിൽ നിരാലംബാവസ്ഥയിൽ കിടന്നു മരണവേദനയനുഭവിക്കുമ്പോഴും ആത്മാവ് ശരീരത്തിൽ നിന്നു വേർപെട്ടു ദൈവത്തിന്റെ കൈകളിൽ എത്തുന്നതുവരെ അവൻ നല്ലൊരു സങ്കേതം ആണ്. ഭൗമിക ജീവിതത്തിൽ നാം താളടിയാകാതെ, നശിച്ചുപോകാതെ അവന്റെ ദയവ് നമ്മെ സൂക്ഷിക്കുന്നു. അതു നമ്മുടെ ഉള്ളിലുള്ള ആത്മാവിനെ സൂക്ഷിക്കുവാൻ; വിശുദ്ധമായി, ദൈവത്തിനു കൊള്ളാവുന്ന അവസ്ഥയിൽ നിലനിർത്തുവാൻ. അങ്ങനെ നാം ചെയ്താൽ നമുക്ക് എല്ലാവർക്കും സ്വർഗ്ഗത്തിൽ എന്നേക്കും ദൈവത്തോടു കൂടെ വസിക്കാം.

അടുത്തതായി ഏതു തരത്തിലുള്ള അഭയസ്ഥാനമാണ് ദൈവ

ത്തിൽ ഉള്ളതു എന്നു ഒരുപക്ഷേ ചോദിച്ചേക്കാം. അവൻ സർവ്വശക്തനും മുറിപ്പെടുത്താൻ പററാത്തവനുമാണ്. നിത്യശക്തിയും പൂർണ്ണമായ ഭദ്രതയും ദൈവത്തിലാകയാൽ അവനിൽ പൂർണ്ണാശ്രയം വെച്ച് അനുസരണത്തിൽ നിലനില്ക്കുന്നവർക്കു അവൻ സമീപം എന്നുമുണ്ടാകും. അതെങ്ങനെ നമുക്കറിയാം? അനുഭവത്തിലൂടെ. അദൃശ്യനായ ദൈവത്തിന്റെ പ്രവൃത്തികൾ മനസിലാക്കുവാൻ ആത്മീയ ഗ്രാഹ്യബുദ്ധി വേണമെന്നു മാത്രം. അതുകൊണ്ടാണ് കർത്താവു പറഞ്ഞതു കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ. ഹൃദയം നുറുങ്ങിയവർക്കും മനസുതകർന്നവർക്കും അവൻ തുണയേകും. അവർ എവിടെയാണെങ്കിലും ദൈവം അവർക്കു വിദൂരസ്ഥനാവുകയില്ല. അവൻ അവർക്കു സമീപമുണ്ടാകും. നാം കർത്താവിന്റെ അഭയസ്ഥാനം കാംക്ഷിക്കുന്നുവെങ്കിൽ; അവനെ സ്നേഹിക്കുന്നുവെങ്കിൽ അവൻ നമ്മിൽനിന്നും അകലുകയില്ല. അങ്ങനെ വരുമ്പോൾ അഭയം നല്കുവാൻ അവന് യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടുകയില്ല. അവൻ നമ്മുടെ അരികെയുണ്ടെന്നു മാത്രമല്ല; നമ്മെ സ്വീകരിക്കുവാൻ തുറന്ന മനസുള്ള വ്യക്തിയാണ് അവനെ സ്വീകരിക്കുവാൻ നാം ഒരുക്കമാണോ എന്നതാണ് ചോദ്യം. പലർക്കും ദൈവത്തിന്റെ അഭയവും അനുഗ്രഹവും കിട്ടാതെ പോകുന്നതു അതുകൊണ്ടാണ്. അജ്ഞതയാലോ അഹംഭാവത്താലോ ഈ അനർഹമായ നേട്ടം നഷ്ടപ്പെടുത്തികളയരുത്.

നാം അവനിലേക്കു ചാഞ്ഞാൽ അവൻ നമ്മിൽ നിന്നും മുഖം തിരിക്കുകയില്ല. പാർപ്പിടമില്ലാതെ വെയിലും മഴയും ഏററു വിഷമിക്കുന്നവർക്കു ഒരു കിടപ്പാടം ലഭിച്ചാൽ എത്ര ആനന്ദകരമായിരിക്കും. ദൈവം നമുക്കൊരു പാർപ്പിടം നല്കാമെന്നു വാഗ്ദാനം ചെയ്തിരിക്കുന്നു. പക്ഷേ നാം ക്രിസ്തുവിന്റെ ഭവനത്തിൽ പ്രവേശിക്കണം. അതിനുള്ള നിബന്ധനകൾ അനുസരിച്ചാൽ മാത്രം മതി. അമിത ഭാരം ചുമന്നു് സഞ്ചരിക്കുന്ന ഒരാൾക്ക് അത്താണി കണ്ടെത്തിയാൽ എത്ര ആശ്വാസകരമാണ്. പാപഭാരത്താൽ വലഞ്ഞു ക്ഷീണിതരായി കഴിയുന്ന എത്രയോ പേർ ഇന്നു നമുക്കു ചുററും കാണുന്നുണ്ടു്. കർത്താവ് അവരെ രക്ഷിക്കാമെന്നു പറഞ്ഞിരിക്കുന്നു. അവന്റെ രക്ഷ കിട്ടുമ്പോൾ അതു അവർക്കൊരു അത്താണിയായിരിക്കും. മാനുഷിക നീതിയിൽ സ്വയം ആശ്രയിക്കുന്നവർ ധാരാളമുണ്ട്. പക്ഷേ രക്ഷ അവരിൽ നിന്നു അകന്നിരിക്കും. ദൈവത്തിന്റെ നീതിയും മനുഷ്യരുടെ നീതിയും രണ്ടും രണ്ടാണ്. ദൈവത്തിന്റെ അരുളപ്പാടുകളെ അതേപോലെ സ്വീകരിക്കണം. എങ്കിലേ നാം ദൈവനീതി പ്രവർത്തിക്കുന്നുള്ളു. അങ്ങിനെയുള്ള നീതിമാന്മാരുടെ മേൽ അവന്റെ കണ്ണും ചെവിയും തുറന്നിരിക്കും. വിഷമസന്ധിയിൽ തന്റെ മക്കളുടെ നിലവിളി അവൻ കേൾക്കും; ആപത്തിൽ അകപ്പെട്ട് കരയുന്ന കുട്ടിയുടെ

(ശേഷം അടുത്ത ലക്കത്തിൽ)

(14-ാം പേജിന്റെ തുടർച്ച)

സ്തലന്മാരുടെ ഉപദേശത്തിൽ കാണുന്ന വിശ്വാസത്തേയും, ആരാധനയേയും പരിശീലനത്തേയും അവർ മറിച്ചുകളയും. മറക്കരുത്, അവർ വെളിച്ച ദൂതന്റെ വസ്ത്രമാണ് ധരിച്ചിരിക്കുന്നതു. പക്ഷേ പ്രവർത്തി പിശാചിന്റേതാണ്.

പഴയ നിയമ കാലഘട്ടത്തിൽ ജീവിച്ചആളുകൾ, ദൈവിക പരിജ്ഞാനക്കുറവ് കൊണ്ടാണ് അടിമത്വത്തിലേക്ക് പോകുവാൻ ഇടയായതു (യെശയ്യാവ് 5:13). പുതിയ നിയമ പരിജ്ഞാനക്കുറവുകൊണ്ടാണ് ഇന്ന് ആളുകൾ ദൈവ വചനത്തിൽ അറിയപ്പെടാത്ത ഉപദേശങ്ങളിലേക്കും സഭകളിലേക്കും പോകുന്നതു. അവർ എങ്ങനെ എപ്പോൾ തെററിപോയി എന്നു പോലും അറിയുന്നില്ല. ആ അറിവില്ലായ്മയെ ആളുകൾ ചൂഷണം ചെയ്യുകയാണ്. ദൈവത്തിന്റെ അരുളപ്പാടുകളെ നോക്കി പഠിക്കാത്തവരാണ് ആളുകൾ എന്നു മനസിലാക്കി ചില ഉപദേഷ്ടാക്കന്മാർ അവരുടെ ദുരുപദേശം ആളുകളിൽ കുത്തിവെക്കുന്നു. വാസ്തവത്തിൽ ഇത്തരം സുവിശേഷകന്മാർ ദൈവത്തിന്റെ പേരിൽ മുതലെടുപ്പ് നടത്തുകയാണ്. പക്ഷേ ഇവിടെ വിജയിക്കുന്നതു സാത്താനാണ് എന്ന കാര്യം അധികം ആളുകളും അറിയുന്നില്ല. അതിനാൽ തെററായ രീതിയിലുള്ള സമുദായ വിഭാഗങ്ങളും, നാമധേയ സംഘടനകളും ഉടലെടുക്കുന്നു; സാത്താന്റെ സേവകരായി ഇത്തരം സുവിശേഷകന്മാർ പ്രവർത്തിക്കുന്നു എന്നു പറയാതിരിക്കാൻ നിവർത്തിയില്ല. ഇന്നു ഭൂമിയിൽ കാണപ്പെട്ട വിഭജനത്തിനും, വിഘടന വാദത്തിനും കാരണം ഇതു തന്നെ.

കത്തോലിക്ക സമുദായത്തിന്റെ നിലനില്പ് ആളുകളുടെ അജ്ഞത നിമിത്തമാണ് എന്നു പറയുമ്പോൾ വിഷമം തോന്നരുത്. വേദ പുസ്തക സത്യം ഈ വിഭാഗത്തിൽ ഉള്ള എല്ലാവരേയും പഠിപ്പിക്കുകയാണെങ്കിൽ ദൈവത്തോട് ആത്മാർത്ഥതയുള്ള ഒരൊററ മനുഷ്യരും അതിൽ നില്ക്കുകയില്ല എന്ന് ഉറപ്പുണ്ട്. ഭിന്നത കത്തോലിക്കാ സിദ്ധാന്തത്തിൽ നിന്ന് ആരംഭിച്ചതാണ്. ആഡംബരത്തിലും മനുഷ്യരുടെ അഭിരുചിക്കനുസരിച്ചുള്ള ആരാധനാ രീതിയിലും അവർ മുമ്പോട്ടു പോകുന്നു. ചോദ്യം ചെയ്യപ്പെടാത്ത രീതിയിൽ അതിന്റെ ഭരണ ചക്രം ഉരുളുമ്പോൾ, മതത്തിന്റെ പേരിൽ; മനുഷ്യരെ കൈകൊണ്ടല്ലാത്ത ചങ്ങലകൊണ്ട് പൂട്ടിയിട്ടിരിക്കുന്നു എന്നു പറയാം. പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളുടെയും നിലനില്പ് ആ ഗ്രൂപ്പുകളിലെ ആളുകളുടെ അജ്ഞതകൊണ്ട് തുടരുന്നു, എന്നതിൽ സംശയമില്ല. ദൈവത്തിന്റെ പ്രമാണങ്ങളിലുള്ള അജ്ഞതയാണ് അതിനുള്ള കാരണം. യഥാർത്ഥത്തിൽ പുതിയ നിയമ കല്പനകൾ എല്ലാം പഠിച്ചു കഴിഞ്ഞാൽ ഇന്നത്തെ നാമധേയ വിഭാഗങ്ങളിൽ ഒന്നിലും ജനങ്ങൾ

നിലക്കുകയില്ല. കാരണം, അവയൊന്നും ആവിർഭവിച്ചതു ദൈവേഷ്ട പ്രകാരമല്ല എന്നതാണ്,

ദൈവത്തിന്റെ നിർമ്മലവും ലളിതവുമായ വചനത്തിലെ സത്യം ആളുകൾ അനുസരിക്കാതിരിക്കുന്നതിൽ നിന്നും അവരെ അകററി നിർത്തുവാൻ പിശാച് തന്ത്രപരമായി ഈ ഉപദേഷ്ടാക്കളെ സ്വാധീനിച്ച് ഉപയോഗിക്കുകയാണ്. നിഷ്കളങ്കരായ ആളുകൾ അങ്ങനെ ദൈവത്തോട് അടുക്കാതിരിക്കുകയാണ് സാത്താന്റെ പോരാട്ടം എന്തു മാത്രം അപകടകരമാണ് എന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? പാപികൾ അവരുടെ പാപം മോചിച്ചു കിട്ടേണ്ടതിനു ബൈബിളിൽ പറഞ്ഞിരിക്കുന്ന സത്യം തുറന്നു കാണിക്കാതെ പ്രസംഗത്തിന്റെ മാധുര്യത്തിൽ രസിപ്പിക്കുന്നവരെ നിങ്ങൾ കേട്ടിരിക്കാം. അതു നിഷ്ഫലമാണ്. ദൈവശ്വാസീയമായ വചനം എടുത്തു പരിശോധിക്കുവാൻ എല്ലാവരും തയ്യാറാകണം. ഈ മുൻ പറഞ്ഞ വസ്തുതകളെല്ലാം തെളിവിന്റെ അടിസ്ഥാനത്തിലാണ് നിരത്തിയിട്ടുള്ളതു. അനേക പേരുകളിലും ഉപദേശ സംഹിതകളിലും അറിയപ്പെടുന്ന മതവിഭാഗങ്ങളെ പുതിയ നിയമത്തിൽ ഉള്ളവയാണോ എന്നു നിങ്ങൾ ആലോചിച്ചു പരിഗണിക്കേണ്ടതാണ്. പലരും ന്യായീകരിക്കാൻ ശ്രമിക്കും, അതു സത്യസന്ധമായ ഏർപ്പാടല്ല. അതിനാൽ മനഃപ്പൂർവ്വമായ അജ്ഞത ഒഴിവാക്കി വിവേക പൂർവ്വം ജീവിക്കുക.

വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷപ്രാപിക്കുമെന്ന് കർത്താവു കല്പിച്ചിരിക്കെ, ഒരാൾ പറയുന്നു 'രക്ഷക്കു സ്നാനം ആവശ്യമില്ല' എന്ന്. ഇതു ക്രിസ്തുവിന്റെ ഉപദേശത്തെ എതിർക്കുന്നതല്ലേ? അവൻ സാത്താന്റെ ഏജന്റായി പ്രവർത്തിക്കുന്നു എന്നതിന് വേറെ തെളിവ് വല്ലതും വേണോ? ക്രിസ്തുവിനെ അനുസരിക്കേണ്ടേ എന്നു ചോദിച്ചാൽ പറയും, അതാവശ്യമാണ് പക്ഷേ സ്നാനം ജാതികൾക്കുള്ളതാണ്? ഞാൻ ചോദിക്കട്ടേ, നമ്മുടെ ഇടയിൽ ജാതികളല്ലാത്ത എത്രപേരുണ്ട്? ആരും തന്നെ കാണുകയില്ലല്ലോ. ഇവിടെയും ക്രിസ്തുവിന്റെ അധികാരത്തെ മാനിക്കാതെ തങ്ങളുടെ സ്വന്ത പരിജ്ഞാനത്തെ മുറുകെ പിടിക്കുകയാണ് ചെയ്യുന്നതു. 'ഞങ്ങളെല്ലാം പാരമ്പര്യമായി ക്രിസ്ത്യാനികളാണ്; അതുകൊണ്ട് ഞങ്ങൾക്ക് ഇനി ഒരു സ്നാനത്തിന്റെ ആവശ്യമില്ല എന്നുവാദിക്കുന്നവരുമുണ്ട്. അവർ പിശാചിനുവേണ്ടി വാദിക്കുകയാണ്. പാപമോചനത്തിനായി സ്നാനമേല്ക്കുവാൻ തിരുവെഴുത്തിൽ പറയുമ്പോൾ ചിലർ പറയുന്നു സ്നാനം പാപമോചനത്തിനല്ല എന്ന്; അതൊരു ക്രിയ മാത്രമാണ് എന്നാണ് അവരുടെ പക്ഷം. അവർ പിശാചിന്റെ സിദ്ധാന്തമാണ് പ്രഖ്യാപിക്കുന്നതു. ദൈവത്തിന്റേതല്ലാത്ത മറെറന്തു തന്നെയായാലും അതു പിശാചിന്റേതുതന്നെയാണ്. ഇത്രയും ഉദാഹ

ണങ്ങൾ മതിയാകും ഒരു സുവിശേഷകൻ വാസ്തവത്തിൽ ദൈവത്തിൽ നിന്നോ അതോ പിശാചിൽനിന്നോ എന്നു അറിയുവാൻ.

യേശുക്രിസ്തുവിന്റെ പീഢാനുഭവത്തെ വളരെ ഹൃദ്യമായി, വികാര വായ്പ്പോടെ അവന്റെ ക്രൂശീകരണത്തെ എടുത്തു പ്രസംഗിക്കും. അതിനെക്കുറിച്ച് നാടകങ്ങൾ പ്രദർശിപ്പിക്കും. ആളുകളുടെ മനസിനെ ഇളക്കുന്ന രീതിയിൽ രൂപങ്ങളും കൊത്തി പ്രദർശിപ്പിക്കും. പക്ഷേ ആളുകൾ രക്ഷപ്രാപിക്കാൻ എന്തുചെയ്യണമെന്നു പഠിപ്പിക്കയില്ല. പഠിപ്പിക്കുന്നവൻ തെററായ രീതിയിൽ വളച്ചൊടിച്ച് മാററിക്കളയുന്നു. ദൈവത്തിന്റെ പദ്ധതിയെ മാററിക്കൊണ്ടോ അതിനെതിരായി പ്രവർത്തിച്ചുകൊണ്ടോ ആർക്കെങ്കിലും ദൈവിക രക്ഷ നേടാമെന്നു നിങ്ങൾ കരുതുന്നുണ്ടോ? ഇല്ലെങ്കിൽ അങ്ങനെ ചെയ്യുന്ന എല്ലാ നാമധേയ വിഭാഗങ്ങളും കാപട്യത്തിന്റെ മുഖംമൂടി ധരിച്ച് പുറമെ ഭക്തി അഭിനയിക്കുകയാണ് ചെയ്യുന്നത്.

കത്തോലിക്കാ മുതൽ പെന്തക്കോസ്തു വിഭാഗങ്ങളിലുള്ളവർക്കും അല്ലാത്തവരായ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും പ്രത്യാശ ലഭിക്കുവാൻ ഏക മാർഗ്ഗമേയുള്ളു. സാത്താന്റെ വഞ്ചനാപരമായ മതത്തിൽനിന്നും രക്ഷനേടുവാൻ ഏകവഴി പുതിയനിയമം മാത്രമാണ് ഈ ആവശ്യത്തിലേക്കു ആളുകൾ ഉണർന്നു വരുന്നതുവരെ അവർ അറിയാതെ സാത്താനെ സേവിച്ചുകൊണ്ടിരിക്കും. പിശാചിന്റെ രാജ്യത്തിൽ നിന്നും രക്ഷപ്പെടുവാൻ, ഭിന്നതകളിൽ നിന്നും മനുഷ്യനിർമ്മിത സമുദായങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുവാൻ ഇതൊന്നു മാത്രമെ നമ്മെ സഹായിക്കു. ചെന്നായ്ക്കൾ ആടുകളുടെ വേഷം ധരിച്ച് നടക്കുകയാണ്. അവരെ തിരിച്ചറിയില്ലെങ്കിൽ അവർ നിങ്ങളെ വിഴുങ്ങിക്കളയും.

പല വേഷത്തിലും ഭാവത്തിലും നിങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന സാത്താനെ ഇങ്ങനെയെങ്കിലും നിങ്ങൾ തിരിച്ചറിയു. പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരാകുവിൻ എന്നു യേശു പറഞ്ഞിരിക്കുന്നു. പിശാച് യേശു ക്രിസ്തുവിനെ സമീപിച്ചതു തിരുവെഴുത്തുകളെ എടുത്തുകൊണ്ടായിരുന്നു. യേശു ക്രിസ്തുവിന്റെ ശിഷ്യനായിരുന്ന പത്രോസിലും പിശാച് പ്രേരണ ചെലുത്തി അവൻ അതിൽ നിന്നും പിന്തിരിഞ്ഞു. യൂദയിൽ അവൻകടന്നു പ്രവർത്തിച്ച് അവനെ നശിപ്പിച്ചു എന്നു നാം മറക്കരുതു. നിങ്ങൾ ദൈവ വചനം ശരിയായി പഠിച്ച് അതനുസരിച്ച് ജീവിക്കുക.

# അവിശ്വാസത്തിന്റെ ദൗർബല്യം

ജാക്സൺ വി

ഗലാത്യയിലുള്ള ക്രിസ്ത്യാനികളുടെ മുമ്പിലത്തെ അവസ്ഥയെക്കുറിച്ച് പൗലോസ് പ്രതിപാദിക്കുമ്പോൾ വിവരിക്കുന്നത് 'ബലഹീനവും ദരിദ്രവും' എന്നാണ് (ഗലാത്യർ 4:9). അന്യമതത്തിലായിരുന്നപ്പോൾ അവരുടെ ജീവിതം ശക്തിയില്ലാത്തതും ഒന്നുമില്ലാത്തതുമായിരുന്നു എന്നതാണ് അതിന്റെ അർത്ഥം. പുരാതനമായാലും ആധുനികമായാലും അവിശ്വാസത്തിന് വലിയ ബലമൊന്നുമില്ല. മനുഷ്യരുടെ ആത്മാവിന്റെ നിക്ഷേപത്തിന്റെ അളവുനോക്കിയാൽ ശൂന്യമായിരിക്കും. താഴെപറയുന്ന അഞ്ചുകാര്യങ്ങൾ ഇതിനെ ആസ്പദമാക്കി ദയവുചെയ്തു വിലയിരുത്തുക. ആത്മീകമായി ചിന്തിക്കുവാനുള്ളശേഷി സാധാരണക്കാരിൽ ഉണ്ടല്ലോ, അതിനുശേഷം നിങ്ങളുടെ സിരകളിൽ കൂടെ കടന്നു പോകുന്നതെന്ത് എന്നു ഞങ്ങളെ അറിയിക്കുക. അതു നമ്മെ കൂടുതൽ വളർത്തും.

(1) ഉല്പത്തി- മനുഷ്യരിൽ സ്വാഭാവികമായി കാണപ്പെടുന്ന ഒന്നാണ് അന്വേഷണ പാടവം. അതായതു, ഏതു കാര്യത്തെക്കുറിച്ചും അറിയുവാനുള്ള ജിജ്ഞാസ മനുഷ്യനു ജന്മസിദ്ധമാണ് എന്നു പറഞ്ഞു കേട്ടിരിക്കുമല്ലോ. താൻ എവിടെ നിന്നു വന്നു എന്നു അറിയുവാനുള്ള താല്പര്യം സൃഷ്ടികളിൽ മനുഷ്യർക്കു മാത്രമുള്ളതാണ് എന്നു പറയാം. വേരുകൾ ആരംഭിച്ചതെവിടെ എന്നു കണ്ടു പിടിക്കാൻ മനുഷ്യർ പണ്ടു മുതലേ ശ്രമിക്കുന്നുണ്ട്. അവിശ്വാസത്തിനു ഒരു മതിയായ ഉത്തരം പോലും നല്കുവാൻ കഴിയുകയില്ല. വസ്തുക്കളുടെ ഉത്ഭവത്തെ കുറിച്ചും സുസംഘടിതമായി, ക്രമാനുഗതമായി നില നില്ക്കുന്ന പ്രപഞ്ചത്തെ കുറിച്ചോ അവിശ്വാസത്തിനു ഒന്നും അറിഞ്ഞു കൂടാ. ജീവിത മർമ്മത്തെ വിവരിക്കുന്നതിൽ പോലും അവർ പരാജയപ്പെട്ടിരിക്കയാണ്. ഓരോന്നിന്റെയും ആരംഭം എങ്ങനെയായിരുന്നു എന്നതിനെ സംബന്ധിച്ച് അവയ്ക്കു സിദ്ധാന്തങ്ങൾ എല്ലാം തന്നെ വൈപരീത്യമുളവാക്കുന്നതാണ്. അതു ശാസ്ത്രീയ രേഖകളെ എതിർക്കുന്നതുമാണ്. അവിശ്വാസം, ഉല്പത്തിയെക്കുറിച്ച് യാതൊന്നും അറിയുന്നില്ല എന്നതു സ്പഷ്ടമാണ്.

(2) ഉദ്ദേശം-ഈ ഗ്രഹത്തിൽ ജീവിക്കുന്ന മനുഷ്യരുടെ ഉദ്ദേശമെന്തെന്ന്

പലരും അറിയുന്നില്ല. വാസ്തവത്തിലുള്ള ഉദ്ദേശം എന്താണ്? അവിശ്വാസത്തിൻെറ വാദമെന്തെന്നാൽ അങ്ങനെ മനുഷ്യർക്ക് പ്രത്യേക ഉദ്ദേശമൊന്നും ഇല്ല എന്നാണ്. അതനുസരിച്ച് പ്രത്യുല്പാദന പ്രക്രിയയിൽ മനുഷ്യർ മുഴുകുന്നു. അതിനെ അടിസ്ഥാനപ്പെടുത്തി വളർത്തിയെടുത്തസങ്കല്പമാണ് പരിണാമ രൂപേണയുള്ള വളർച്ച. എന്നാൽ എന്തുകൊണ്ട്? അവസാനത്തെ ലക്ഷ്യമെന്ത്? അവിശ്വാസികളായ ആർക്കും അതിനു ഉത്തരമൊന്നും നല്കുവാൻ കഴിയുന്നില്ല. പക്ഷേ ബൈബിളിൽ അതിനു മറുപടിയുണ്ട്. മനുഷ്യനു ഒരു ഉയർന്ന ലക്ഷ്യമുണ്ടെന്നു തിരുവെഴുത്തു വ്യക്തമാക്കുന്നു. സർവ്വശക്തനായ സ്രഷ്ടാവിനെ സേവിക്കുന്നതിൽ കണ്ടെത്തുന്ന സന്തോഷമാണ് (യെശയ്യാവ് 43:7; സഭാപ്രസംഗി 12:13)

(3) മനുഷ്യ പെരുമാററം— ദൈവത്തെ അറിയാത്തവരിൽ പോലും എന്തുകൊണ്ട് ധാർമ്മികമായ സ്വഭാവം അവർ എടുത്തുകാണിക്കുന്നു? യുക്തിസഹജമായ ലക്ഷ്യത്തോടെയല്ല അതു. ദൈവമില്ലെങ്കിൽ എന്തുകൊണ്ട് മനുഷ്യർക്ക് തോന്നുന്നതുപോലെ അവരവരുടെ സ്വാർത്ഥതയനുസരിച്ച് ജീവിച്ചുകൂടാ? ദൈവത്തെയും മനുഷ്യരെയും ഭയമില്ലാതെ ജീവിച്ച അനീതിയുള്ള ഒരു കാര്യവിചാരകനെ ഒരു ഉപമയിൽ യേശുക്രിസ്തു ചൂണ്ടിക്കാണിക്കുന്നുണ്ട് (ലൂക്കൊസ് 18:2-4). പുരാതനലോകത്തു ജീവിച്ച ആളുകളുടെ ദുഷ്ടതയേയും മററും വിവരിച്ചശേഷം പൗലോസ് അവരുടെ യഥാർത്ഥ പ്രശ്നമെന്തായിരുന്നു എന്നു പറയുന്നുണ്ട്. അവരുടെ ദൃഷ്ടിയിൽ ദൈവഭയമില്ല. റോമർ 3:18). ദൈവമില്ലെങ്കിൽ, അന്തിമമായ ലക്ഷ്യമില്ലെങ്കിൽ, മനുഷ്യരുടെ സ്വഭാവത്തെ വിധിക്കുകയില്ലെങ്കിൽ, മോശമായ ജീവിതത്തെ വിട്ടുകളഞ്ഞ് നല്ല ജീവിതം നയിക്കുന്നതുകൊണ്ട് ഒരു പുണ്യവുമില്ലല്ലോ. അങ്ങനെ ജീവിച്ചാൽ ഉണ്ടാകാനിടയുള്ള സംഘർഷങ്ങൾ ഒന്നാലോചിച്ചു നോക്കു!

(4) മാനസിക പ്രശാന്തത—അവസാനമില്ലാതെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ചരിത്രഘട്ടത്തിലെ ജീവിയായ മനുഷ്യനിൽ എന്തുമാനസികതൃപ്തിയാണ് ഉള്ളത്? ചിന്താശകലങ്ങൾ മററല്ലാ കാര്യങ്ങളിലുമെന്നപോലെ സ്വന്തജീവിതത്തെക്കുറിച്ചും നീണ്ടു പോകുകയാണോ? അതോ അർത്ഥസൂചകമായ പലതും കണ്ടെത്തിയിട്ടുണ്ടോ? എവിടെയാണ് ഞാൻ? ഞാൻ ആരാണ്? ഇനിയുള്ള എൻെറഅവസ്ഥ എന്താണ്? അവിശ്വാസിയായിരിക്കും ഈലോകത്തിൽ ഏററവും അധികം സന്തോഷം അനുഭവിക്കാത്ത വ്യക്തി, അവൻെറ മനസ് നിറയെ സംശയങ്ങളായിരിക്കും. ഉറച്ചു നില്ക്കാത്തതും ഒന്നിലും ഒതുങ്ങാത്തതുമായ ആ അവസ്ഥ ആരെയും സന്തോഷിപ്പിക്കുകയില്ല.

(5) ഭാവിപ്രത്യാശ—സൃഷ്ടാവിനെക്കുറിച്ച് പരിജ്ഞാനമില്ലാത്തവരുടെ പ്രത്യാശ എന്താണ്? ലക്ഷ്യമുള്ളവർക്കു മാത്രമേ പ്രത്യാശിക്കാൻ

ഒക്കു. നേരിൽ കാണുന്നതു് ലഭിക്കുമെന്ന് പറയുന്നത് പ്രത്യാശയായി കണക്കാക്കാവുന്നതല്ല, അതു നേട്ടമായി കണക്കു കൂട്ടാം. കാണാത്ത എന്തെങ്കിലും ലഭിക്കുമെന്ന പ്രതീക്ഷയെയാണ് വാസ്തവത്തിൽ പ്രത്യാശ എന്നു പറയുന്നതു. മരിച്ചാൽ വീണ്ടും ജീവിക്കുമെന്ന ആശ ഉറപ്പിക്കുവാൻ കഴിയുന്നതു മഹത്തരമല്ലേ? അതാണ് ക്രിസ്തുവിൽ നമുക്കു കിട്ടുന്നതു. യേശുക്രിസ്തു വാഗ്ദാനം ചെയ്തിരിക്കുന്നതു നിത്യജീവനാണ്. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും? ഈ ലോകത്തിൽ മററാർക്കും കൊടുപ്പാൻ കഴിയാത്ത ഒന്നാണ് കർത്താവിനു കഴിയുന്നതു. മരണത്തെ ജയിച്ച യേശുവിനു മാത്രമെ അതിനു കഴിയൂ. ഇന്നു നിങ്ങൾക്ക് ഈ പ്രത്യാശയുണ്ടോ? നിങ്ങൾ ഇന്നു മരിച്ചാൽ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും? നിങ്ങൾ എവിടെ എത്തിച്ചേരുമെന്ന് പറയാൻ കഴിയുമോ?

# കുടുംബപ്രശ്നങ്ങളും പരിഹാരവും

(കഴിഞ്ഞ ലക്കം തുടർച്ച)

നിങ്ങളുടേയും കുഞ്ഞുങ്ങളുടേയും സന്തോഷത്തിനായി പ്രവർത്തിക്കുക. എന്നാൽ നിങ്ങളുടെ കുടുംബം ഐശ്വര്യ പൂർണ്ണമാക്കുവാൻ ദൈവം സഹായിക്കും. ദൈവവചനത്തിൽ വിശ്വസിച്ച് രക്ഷയ്ക്കാവശ്യമായി കർത്താവു കല്പിച്ചിട്ടുള്ള വിശ്വാസവും മാനസാന്തരവും ഏറ്റുപറച്ചിലും സ്നാനവും ഉപേക്ഷയായി വിചാരിക്കരുത്. നിങ്ങൾ കർത്താവിന്റെ ഇഷ്ടം അനുസരിച്ചാൽ അവൻ നിങ്ങളെ അവന്റെ സഭയിലേക്കു ചേർക്കും. നിങ്ങളെ ആത്മീയമായും ഭൗതികമായുംസന്തോഷത്തിൽ നയിക്കുവാൻ ദൈവത്തിന്റെ കൂട്ടായ്മ നിങ്ങൾക്കു ലഭിക്കും.

കുഞ്ഞുങ്ങളേ, നിങ്ങൾ നിങ്ങളുടെ മാതാപിതാക്കൾക്കുവേണ്ടി സർവ്വശക്തനോടു പ്രാർത്ഥിക്കുക സത്യത്തിലും നീതിയിലും ജീവിച്ച് സത്യത്തിലും ആത്മാവിലും ആരാധിച്ച് ദൈവത്തെ പ്രസാദിപ്പിക്കുക. നിങ്ങളുടെ മുൻപിൽ വെച്ചിരിക്കുന്ന ലക്ഷ്യപ്രാപ്തിക്കായി ഉണർന്നു പ്രവർത്തിക്കുക. ബൈബിൾ വചനത്തിലും പഠനത്തിലും നിങ്ങളുടെ മനസ്സിനെ കേന്ദ്രീകരിക്കുക. നിങ്ങൾ ദൈവത്തിന് കീഴ്പ്പെട്ട് മാതാപിതാക്കളെ ബഹുമാനിച്ച് ജീവിക്കുക. ദൈവം നിങ്ങൾക്കു നിക്കുപോക്കു വരുത്തും. ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നുണ്ട്. ജീവനുള്ള നമ്മുടെ ദൈവം ആർദ്രതയും മനസ്സലിവുമുള്ളവനാണ്. അവൻ നിങ്ങളെ ഒരിക്കലും ഉപേക്ഷിക്കയില്ല. നിങ്ങളുടെ മാതാപിതാക്കൾക്കു താമസിയാതെ ദൈവം സൽബുദ്ധി കൊടുത്തു മാനസാന്തരപ്പെടുവാൻ അവസരം ഒരുക്കുമെന്നു നമുക്കു പ്രത്യാശിക്കാം.

(6-ാം പേജിന്റെ തുടർച്ച)

ലും മറ്റൊന്ന് സ്വീകരിക്കാവുന്നതല്ല. ഗലാത്യയിലുള്ള ക്രിസ്ത്യാനികൾക്ക് പൗലോസ് നല്കിയ പ്രബോധനം കാര്യമാത്ര പ്രസക്തമാണ്. ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവരെ വിട്ടുനിങ്ങൾ ഇത്ര വേഗത്തിൽ വേറെയൊരു സുവിശേഷത്തിലേക്കു മറിയുന്നതുകൊണ്ടു ഞാൻ ആശ്ചര്യപ്പെടുന്നു. അതു വേറെയൊരു സുവിശേഷമെന്നല്ല ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളവാൻ ഇച്ഛിക്കുന്നു എന്നത്രേ. എന്നാൽ ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ, ഞങ്ങൾ മുൻപറഞ്ഞതുപോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു. നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിനു വിപരീതമായി ആരെങ്കിലും നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ (ഗലാത്യർ 1:6-9)

പതിനൊന്നാമതു, തിരുവെഴുത്തുകൾ ഒന്നും തന്നെ ആരുടെയും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല. മനുഷ്യരുടെ വ്യാഖ്യാനം ആവശ്യമില്ല എന്നർത്ഥം. തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നെ അറിഞ്ഞുകൊള്ളേണം; പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവ കല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ. മനുഷ്യർ ഏതെങ്കിലും വാക്യം എടുത്തുകൊണ്ട് അവരുടെ ഉപദേശം സ്ഥാപിക്കുവാനായി ശ്രമിക്കും. അപ്പോഴാണ് അതു വ്യാഖ്യാനമായി മാറുന്നതു. മറിച്ച് വചനത്തിൽ പറയുന്നതു നാം അതുപോലെ സ്വീകരിക്കുകയാണെങ്കിൽ നമുക്ക് വേറൊരാളുടെ വ്യാഖ്യാനത്തെ അംഗീകരിക്കേണ്ട ആവശ്യമില്ല. ദൈവത്തിന്റെ ഇഷ്ടം എന്തെന്ന് മനസിലാകത്തക്ക രീതിയിൽ വിവരിച്ചിട്ടുണ്ട്. അതു നാം ഓരോന്നും വായിച്ചു കണ്ടെത്തണം.

പന്ത്രണ്ടാമതു, ദൈവവചനം പൂർണ്ണവും തികവുള്ളതുമായ പ്രമാണങ്ങൾ അടങ്ങുന്നതാണ്. അതായതു സ്വതന്ത്രമായി തിരഞ്ഞെടുക്കുവാനുള്ള അവസരം അതിൽ നല്കിയിരിക്കുന്നു. 'സ്വാതന്ത്ര്യത്തിന്റെ തികഞ്ഞന്യായ പ്രമാണം ഉറ്റുനോക്കി അതിൽ നിലനിൽക്കുന്നവനോ കേട്ടുമറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും. (യാക്കോബ് 1:25).

പതിമൂന്നാമതു, കർത്താവിന്റെ വചനം എന്നേക്കും നിലനില്ക്കുന്നതാണ്. 'സകലജഡവും പുല്ലുപോലെയും അതിന്റെ ഭംഗിയെല്ലാം പുല്ലിന്റെ പൂപോലെയും ആകുന്നു; പുല്ലു വാടി, പൂവുതിർന്നുപോയി; കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു."

അതാകുന്നു നിങ്ങളോടു പ്രസംഗിച്ച വചനം (1 പത്രൊസ് 1:24-25).
ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴി
ഞ്ഞു പോകയില്ല' എന്നത്രേ ക്രിസ്തു നമ്മെ പഠിപ്പിച്ചിരിക്കുന്നതു
(മത്തായി 24:35)

പതിന്നാലാമതു, അവസാന നാളിൽ നമ്മെ എല്ലാവരേയും ന്യായം
വിധിക്കുന്നതു ദൈവവചനത്താൽ അത്രേ. 'എന്റെ വചനം കൈക്കൊ
ള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ടു;
ഞാൻ സംസാരിച്ച വചനം തന്നേ ഒടുക്കത്തെ നാളിൽ അവനെ ന്യായം
വിധിക്കും. (യോഹന്നാൻ 12:48)

ഇപ്പോൾ, മുകളിൽ പ്രസ്താവിച്ചതായ വാക്യങ്ങൾ ഏതെങ്കിലും
ഒരു പ്രത്യേക വെളിപ്പാടിന്റെയോ, മനുഷ്യനിർമ്മിത പ്രമാണങ്ങളു
ടേയോ അല്ലെങ്കിൽ അതുപോലെയുള്ള ഏതെങ്കിലും ആവശ്യമെന്നു
വ്യക്തമാക്കുന്നുണ്ടോ? അവന്റെ വചനത്തെ ആദരിച്ച് ദൈവത്തെ പ്ര
സാദിപ്പിക്കുവാൻ കഴിയുമെങ്കിലും പലരും അതുപോലെ പ്രവർ
ത്തിക്കുന്നില്ല എന്നു തെളിയുന്നില്ലേ? നാം രക്ഷിക്കപ്പെടുവാൻ ആഗ്ര
ഹിക്കുന്നുവെങ്കിൽ, ദൈവത്തിന്റെ വചനത്തിൽ പഠിപ്പിച്ചിരിക്കുന്ന
തനുസരിച്ച്, അതിൽ വസിക്കുവാൻ, ആ വചനം പൂർണ്ണമാണെന്നും
അതു അന്തിമമായ ഒന്നാണെന്നും നാം ആദ്യമായി അംഗീകരിക്കണം.
ഇതിനോടു നിങ്ങൾ പൂർണ്ണമായും യോജിക്കുമെന്നു ഞാൻ കരുതു
ന്നു. വചനം എന്തുപറയുന്നു എന്നതിലാണ് വ്യത്യാസമുള്ളതു. നാം
കർശനമായും അപ്രകാരം നിലനിൽക്കണം. ദൈവവചനത്തിനാണ്
സകല അധികാരവും ശക്തിയുമുള്ളതു. ആകയാൽ എഴുതിയിരിക്കു
ന്നതിന് അപ്പുറമായി നാം ചിന്തിക്കരുതു, പ്രവർത്തിക്കരുത്. ദൈവ
ഷ്ടം സ്വീകരിച്ചാൽ കിട്ടുന്നതു ആത്മാവിനു രക്ഷയായിരിക്കും. അ
തിനെ നിഷേധിച്ചാൽ നാം നഷ്ടപ്പെടും എന്നുകൂടെ മനസിലാക്കുക.

ബൈബിൾ വായിക്കുന്നതിനും പഠിക്കുന്നതിനും അതിൽ പറയു
ന്നതുപോലെ പ്രവർത്തിക്കുന്നതിനുമാണ് ഞങ്ങൾ നിങ്ങളെ ഉത്തേജി
പ്പിക്കുന്നതു. അപ്രകാരം നിങ്ങൾ അവനെ അനുസരിക്കുമ്പോൾ ദൈ
വം നിങ്ങളെ രക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും. സ്വർഗ്ഗ
ത്തിൽ പോകണമെന്ന് നിങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു
വെങ്കിൽ, മനുഷ്യരാൽ നിർമ്മിതമായ പുസ്തകങ്ങളേയും അവരുടെ
പാരമ്പര്യ പ്രമാണങ്ങളേയും അവരുടെ ചട്ടക്കൂടുകളേയും വിട്ടുകള
ഞ്ഞ് താഴ്മയോടെ, സൗമ്യതയോടെ, ദൈവവചനത്തെ കൈക്കൊള്ളുക.
പുതിയ നിയമോപദേശങ്ങൾ അനുസരിച്ചാലല്ലാതെ നിങ്ങൾക്കു സ്വർ
ഗ്ഗത്തിൽ പോകുവാൻ സാദ്ധ്യമല്ല. ദൈവം സംസാരിച്ചിരിക്കുന്നു.
അന്ത്യനാളിൽ അതു മാത്രമെ കണക്കിലെടുക്കുകയുള്ളു.

YOUR ATTENTION PLEASE !

## Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.
Mondays— 9 : 00 to 9 : 15 P.M.
Fridays— 7 : 45 to 8 : 00 P M.

HINDI —*Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi-110049.
Thursdays— 7 : 15 P.M to 7.30 P.M
Fridays — 8 : 00 P.M. to 8. 15 P. M.
Saturdays —8.00 P.M. to 8 15 P.M
Sundays — 9.00 A,M to 9.15 A.M

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 60, Kakinada-533001
Sundays— 2 : 30 to 2 : 45 P M.
Tuesdays— 2 : 30 to 2 : 45 P M.
Thursdays - 2 : 30 to 2 : 45 P.M.
Fridays— 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL —*"The Way of Truth"*—Speaker : P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore-560084.
Tuesdays— 5 : 30 to 5 : 45 P.M.
Thursdays— 6 : 45 to 7 : 00 P.M.
Sundays— 6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum-34, Kerala.
Tuesdays & Fridays— 3 : 15 to 3 : 30 P.M.

KANNADA—The Voice of truth-Speaker Robert Rathnakar-Box. 448, Bangalore-560004
Sundays 1:45 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at P.P Press, for Santhosh Printers Trivandrum.

Reg: No. K. Dis. 90095/ 86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend

Services and Bible studies

Sunday 10 a.m.
Tuesday 6.30 p. m

Meeting place

CHURCH OF CHRIST BUILDING
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram-695034

To